2026
JUNE
12
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ജെറ്റ് ഇന്ധനവില 10 ശതമാനം വർധിച്ചു




**ന്യൂഡൽഹി:** സർക്കാർ ഉടമസ്ഥതയിലുള്ള എണ്ണക്കമ്പനികൾ ആഭ്യന്തര വിമാനക്കമ്പനികൾക്കുള്ള ഇന്ധന വില കൂട്ടി. 10 ശതമാനത്തിന്റെ വർധനയാണ് വരുത്തിയിരിക്കുന്നത്. വില വർധനയ്ക്കു ശേഷം, ആഭ്യന്തര വിമാനക്കമ്പനികൾക്കുള്ള എടിഎഫ് (ഏവിയേഷൻ ടർബൈൻ ഫ്യുവൽ) വില ലിറ്ററിന് 104.927ൽനിന്ന് 115 ആയി ഉയർന്നു.

സർക്കാർ ഉടമസ്ഥതയിലുള്ള വിമാന ഇന്ധന റീടെയ്ലർമാർ വിലസ്ഥിരീകരണ സംവിധാനം നടപ്പിലാക്കിയതിനെ തുടർന്നാണ് വില വർധിപ്പിച്ചത്. പശ്ചിമേഷ്യൻ സംഘർഷങ്ങൾ മൂലം ആഗോള എണ്ണവില ഉയരുന്ന സാഹചര്യത്തിൽ, ആഭ്യന്തര വിമാന ക്കമ്പനികൾക്ക് മൂന്ന് വർഷം വരെ സ്ഥിരനിരക്കിൽ ഇന്ധനം നൽകുന്ന പദ്ധതി സർക്കാർ കൊണ്ടുവന്നത്.

ആഗോള വിപണിയിലെ എണ്ണവിലയിലുണ്ടാകുന്ന പെട്ടെന്നുള്ള വ്യതിയാനങ്ങളിൽനിന്ന് വിമാനക്കമ്പനികളെ സംരക്ഷിക്കുന്നതിനും ഇന്ധന വിലയിലെ അസ്ഥിരത വിമാനയാത്രാ നിരക്കുകളെ ബാധിക്കുന്നത് കുറയ്ക്കുന്നതിനുമാണ ഈ നീക്കം ലക്ഷ്യമിടുന്നത്. എണ്ണവിലയിലെ കുത്തനെയുള്ള വില വ്യത്യാസം നേരിട്ട് അനുഭവപ്പെടില്ല.

സ്വമേധയാ തെരഞ്ഞെടുക്കുന്നതാണ് വിലസ്ഥിരീകരണ പദ്ധതി. ഇതുപ്രകാരം വിമാനക്കമ്പനികൾക്ക് നിശ്ചിത ഇന്ധനവിലയും വിപണി അധിഷ്ഠിത വിലയും തമ്മിൽ തെരഞ്ഞെടുക്കാനുള്ള അവസരമുണ്ട്. സർക്കാർ പിന്തുണയുള്ള ഈ പദ്ധതിയിൽ പങ്കെടുക്കാൻ തീരുമാനിക്കുന്ന വിമാനക്കമ്പനികൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കൂ. ഇതിൽനിന്നു വിട്ടുനില്ക്കുന്ന കന്പനികൾ നിലവിലുള്ള വിപണി നിരക്കുകൾ തുടർന്നും നല്കേണ്ടിവരും. വിലയിലെ ചാഞ്ചാട്ടം ഒരേപോലെ അവരെ ബാധിക്കുകയും ചെയ്യും. നിലവിലെ ഏകദേശം ലിറ്ററിന് 142 രൂപ നിരക്കിലാണ് എടിഎഫ് വാങ്ങേണ്ടത്.

അതേസമയം, പദ്ധതിയിൽ പങ്കെടുക്കുന്ന വിമാനക്കന്പനികൾക്ക് 115 രൂപ പ്രതി ലിറ്റർ നിരക്കിൽ ഇന്ധനം ലഭിക്കും. പദ്ധതിയിൽ പങ്കെടുക്കാത്തവർ ലിറ്ററിന് 142 രൂപ നൽകേണ്ടിവരുമെങ്കിലും, ഭാവിയിൽ ഇന്ധനവില കുറയുകയാണെങ്കിൽ അതിന്റെ പ്രയോജനവും അവർക്ക് ലഭിക്കും.

സ്വമേധയാ പദ്ധതിയിൽ പങ്കെടുക്കുന്ന വിമാനക്കമ്പനികൾ, ലിറ്ററിന് 86.32 രൂപ എന്നിവയ്ക്കു സ്ഥിരമായ ബെഞ്ച്മാർക്ക് വില നൽകും. ഇതിനൊപ്പം വിമാനത്താവള ചാർജുകൾ, എണ്ണക്കമ്പനികളുടെ മാർജിൻ, ബാധകമായ നികുതികൾ എന്നിവയും ചേർക്കപ്പെടും. ഇതിന്റെ ഫലമായി, ഡൽഹിയിൽ വിമാന ഇന്ധനത്തിന്റെ വില്പന വില ലിറ്ററിന് 115 രൂപ നിരക്കിലും മുംബൈയിൽ 114.50 രൂപയും ചെന്നൈയിൽ 139 രൂപയുമാണ്. പുതിയ സംവിധാനം ഇന്ധനവിലയിലെ അപ്രതീക്ഷിത ചാഞ്ചാട്ടങ്ങളിൽനിന്ന് വിമാനക്കമ്പനികൾക്ക് കൂടുതൽ സാമ്പത്തിക സ്ഥിരത നൽകും.




# കയറ്റുമതിയിൽ അരിക്ക് ഒന്നാം സ്ഥാനം

**കൊച്ചി:** ഗൾഫിലെ യുദ്ധസാഹചര്യങ്ങളും കടൽ, വ്യോമ മാർഗങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിലെ പ്രതിസന്ധികളും അതിജീവിച്ച് ഇന്ത്യയിൽനിന്നുള്ള കാർഷികോത്പന്ന കയറ്റുമതിയിൽ വളർച്ച. അരിയാണ് കഴിഞ്ഞ സാന്പത്തികവർഷത്തിലെ ഇന്ത്യൻ കയറ്റുമതിയിൽ ഒന്നാം സ്ഥാനത്തുള്ളത്.

12.47 ബില്യൺ യുഎസ് ഡോളറിന്റെ അരി കഴിഞ്ഞ വർഷം ഇന്ത്യ കയറ്റിയയച്ചു. ലോകത്തെ ഏറ്റവും വലിയ അരികയറ്റുമതി രാജ്യം എന്ന ഖ്യാതി നിലനിർത്തിയാണ് ഇന്ത്യയുടെ മുന്നേറ്റം. ബസുമതി അരിക്കു പുറമേ, കേരളത്തിൽനിന്നുള്ള മട്ടയും വലിയ തോതിൽ വിദേശത്തേയ്ക്കു കയറ്റി അയയ്ക്കുന്നുണ്ട്. 2023-24 ൽ 10.41ഉം 2022-23 ൽ 11.15ഉം ബില്യൺ യുഎസ് ഡോളറായിരുന്നു ഇന്ത്യയുടെ അരി കയറ്റുമതി മൂല്യം. 2023-24 ൽ 5242182 ടൺ ബസുമതി അരിയും 11116703 ടൺ മറ്റ് അരികളും ഇന്ത്യ കയറ്റിയയച്ചു.

ഗൾഫിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും ഉൾപ്പെടെ 22 രാജ്യങ്ങളിലേക്ക് ഇന്ത്യ അരി കയറ്റുമതി ചെയ്യുന്നുണ്ട്. ഇതിൽ കപ്പൽ മാർഗമാണ് (80 ശതമാനം) അധികവും. 20 ശതമാനം കയറ്റുമതി വിമാന മാർഗമാണ്.

ഗൾഫ് മേഖലയിലെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇരുമാർഗങ്ങളിലുമുള്ള കയറ്റുമതി പ്രതിസന്ധി നേരിട്ടെങ്കിലും വൈകാതെ പുനഃസ്ഥാപിക്കാനായി. കേരളത്തിൽനിന്ന് 15ലധികം കമ്പനികൾ അരി കയറ്റുമതി ചെയ്യുന്നുണ്ട്. രാജ്യത്തുനിന്ന് ഏറ്റവുമധികം കയറ്റുമതിയുള്ള കാർഷികോത്പന്നവും അരിയാണ്.

# റഷ്യയ്ക്കെതിരെ ഉപരോധ യുദ്ധം കടുപ്പിച്ച് യൂറോപ്യൻ യൂണിയൻ

**ന്യൂഡൽഹി:** യുക്രെയ്നെതിരായ സംഘർഷത്തിൽ അയവുവരുത്താൻ മടിക്കുന്ന റഷ്യയ്ക്കെതിരെ ഉപരോധയുദ്ധം കൂടുതൽ കടുപ്പിച്ച് യൂറോപ്യൻ യൂണിയൻ (ഇയു). റഷ്യയുടെ പ്രതിരോധവ്യാവസായിക മേഖലയ്ക്ക് പിന്തുണ നൽകുന്ന 50 കമ്പനികൾക്ക് ഉപരോധം ഏർപ്പെടുത്തുമെന്ന് യൂറോപ്യൻ യൂണിയന്റെ വിദേശകാര്യ, സുരക്ഷാനയ ഹൈ റപ്രസന്റേറ്റീവ് കായ കാലസ് എക്സിൽ വ്യക്തമാക്കി. ഇതിൽ ഇന്ത്യ, യുഎഇ, ചൈന, തുർക്കി, കിർഗിസ്ഥാൻ, കസാക്കിസ്ഥാൻ എന്നിവിടങ്ങളിൽനിന്നുള്ള കമ്പനികളുമുണ്ട്.

കഴിഞ്ഞവർഷം ജൂലൈയിൽ യൂറോപ്യൻ യൂണിയൻ സമാന ഉപരോധം പ്രഖ്യാപിച്ചപ്പോൾ അതിൽ ഇന്ത്യൻ കമ്പനിയായ നയാര എനർജിയും ഉൾപ്പെട്ടിരുന്നു. കമ്പനിയുടെ ഗുജറാത്തിലെ റിഫൈനറിക്കായിരുന്നു ഉപരോധം. റഷ്യൻ എണ്ണക്കമ്പനിയായ റോസ്നെഫ്റ്റിന് 49% ഓഹരി പങ്കാളിത്തമുള്ള കമ്പനിയാണ് നയാര എനർജി.

റഷ്യയുടെ ഡ്രോൺ നിർമാണ മേഖലയുമായി ബന്ധപ്പെട്ട കമ്പനികൾക്കും ഉപരോധം ബാധകമാക്കുമെന്ന് കായ കാലസ് പറഞ്ഞു. ബാങ്കുകൾ, ആയുധ നിർമാതാക്കൾ, എണ്ണ വിതരണക്കാർ, റിഫൈനറികൾ, ക്രിപ്റ്റോകറൻസി ഇടപാടുകാർ, 30 എണ്ണക്കപ്പലുകൾ തുടങ്ങിയവയും പുതിയ പട്ടികയിലുണ്ട്. 90ഓളം ബാങ്കുകളും 11 ക്രിപ്റ്റോകറൻസി പ്ലാറ്റ്ഫോമുകളും ഉപരോധം നേരിട്ടേക്കും. റഷ്യയുക്രെയ്ൻ യുദ്ധത്തെ തുടർന്നുള്ള യൂറോപ്യൻ യൂണിയന്റെ 21ാം ഉപരോധ പാക്കേജാണ് ഉടൻ നടപ്പാക്കുന്നത്.






# എടയ്ക്കാട്ടുവയലിൽ വനിതാ ക്ഷേമ കേന്ദ്രം വരുന്നു

**കൊച്ചി:** മാനസിക വെല്ലുവിളി നേരിടുന്ന വനിതകൾക്കായി എടയ്ക്കാട്ടുവയലിൽ ക്ഷേമ കേന്ദ്രം ഒരുങ്ങുന്നു. വനിതാ ശിശുവികസന വകുപ്പിന്റെ 'തേജോമയ' പദ്ധതി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് കേന്ദ്രം യാഥാർത്ഥ്യമാവുകയെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാധാകൃഷ്ണൻ അറിയിച്ചു. ജില്ലാ ആസൂത്രണ സമിതിയുടെ പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വീടിന്റെ അന്തരീക്ഷം ഉറപ്പാക്കുന്ന കേന്ദ്രത്തിൽ മാനസിക ഉല്ലാസത്തിനുള്ള സജ്ജീകരണങ്ങൾ, പുനരധിവാസത്തിനുള്ള സൗകര്യങ്ങൾ, ഡോക്ടർമാരുടെ സേവനം എന്നിവ ലഭ്യമാക്കും. നിലവിൽ ഇവിടെയുള്ള തേജോമയ കേന്ദ്രം കാക്കനാട്ടേക്ക് മാറ്റിസ്ഥാപിക്കാൻ തീരുമാനിച്ച സാഹചര്യത്തിലാണ് പുതിയ പദ്ധതി ആവിഷ്കരിക്കുന്നത്.

ആലുവ ജില്ലാ ആശുപത്രിയോട് ചേർന്നുള്ള മൂന്നുനില കെട്ടിടത്തിൽ ജെറിയാട്രിക് സെന്റർ സ്ഥാപിക്കും. കെട്ടിടത്തിന്റെ ആദ്യ നിലയിൽ ഡയാലിസിസ് സെന്ററും രണ്ടും മൂന്നും നിലകളിൽ 60 കിടപ്പുരോഗികളെ ചികിത്സിക്കാൻ സാധിക്കുന്ന ജെറിയാട്രിക് സെന്ററും വരുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

സംസ്ഥാനത്തിന് മാതൃകയാകുന്ന ജില്ലാതല പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടതെന്നും പദ്ധതികൾ ജനകേന്ദ്രീകൃതമാകണമെന്നും കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ കാലാനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

ജൂൺ 30നകം ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ഭേദഗതികൾ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതിന് മുന്നോടിയായി മുൻഗണനാ പദ്ധതികൾ ചർച്ച ചെയ്ത് അന്തിമരൂപം നൽകാനാണ് യോഗം ചേർന്നത്.കളക്ടറേറ്റ് ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ജി. ഉല്ലാസ്, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# തീരപ്രദേശങ്ങളിൽ പ്ലാസ്റ്റിക് പെല്ലറ്റ് ഭീഷണി രൂക്ഷം; മത്സ്യസമ്പത്തിനെ ബാധിക്കുന്നു

**തിരുവനന്തപുരം:** കഴിഞ്ഞ വർഷം അപകടത്തിൽപെട്ട 'എംഎസ്‌സി എൽസ 3' കപ്പലിൽനിന്നു കടലിൽ ഒഴുകിപ്പരന്ന പ്ലാസ്റ്റിക് പെല്ലറ്റുകൾ ജില്ലയുടെ തീരപ്രദേശങ്ങളിൽ വീണ്ടും കരയ്ക്കടിയുന്നു. വിഴിഞ്ഞം, കോവളം, അഞ്ചുതെങ്ങ്, വർക്കല ഭാഗങ്ങളിലാണ് പ്ലാസ്റ്റിക് മാലിന്യം വലിയ തോതിൽ കരയ്ക്കടിയുന്നതായി കണ്ടെത്തിയത്. സമുദ്ര പരിസ്ഥിതിക്ക് കടുത്ത ഭീഷണിയുയർത്തുന്ന പ്ലാസ്റ്റിക് മാലിന്യം നീക്കുന്നതിന് അടിയന്തര നടപടി വേണമെന്ന് മത്സ്യത്തൊഴിലാളികളും സമുദ്ര ഗവേഷണസംരക്ഷണ സംഘടനയായ ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫും (എഫ്എംഎൽ) ആവശ്യപ്പെട്ടു. കപ്പൽ അപകടത്തെ തുടർന്ന് പ്ലാസ്റ്റിക് മാലിന്യ പ്രതിസന്ധി രൂക്ഷമായപ്പോൾ താൽക്കാലികമായി ഇവ നീക്കം ചെയ്യാൻ ആരംഭിച്ചിരുന്നു. പിന്നീട് ഇത് പൂർണമായും നിലച്ചു.

കപ്പൽ കമ്പനിയുടെയോ കോർപറേഷന്റെയോ ഭാഗത്തുനിന്നു മാലിന്യ നീക്കത്തിന് ഇപ്പോൾ നടപടിയില്ല. ഒരു വർഷം മുൻപ് കടലിൽ കലർന്ന പ്ലാസ്റ്റിക് പെല്ലറ്റുകളിലെ തരികളുടെ വലുപ്പത്തിലും നിറത്തിലും ഇപ്പോൾ പ്രകടമായ മാറ്റം വന്നിട്ടുണ്ടെന്ന് എഫ്എംഎൽ കോഓർഡിനേറ്റർ റോബർട്ട് പനിപ്പിള്ള പറഞ്ഞു. പ്ലാസ്റ്റിക് തരികൾ കടൽവെള്ളത്തിൽ അലിഞ്ഞു ചേരുന്നതിന്റെയോ അല്ലെങ്കിൽ അവയിൽ സൂക്ഷ്മജീവികൾ വളരുന്നതിന്റെയോ സൂചനയാണിത്. ഇത് സമുദ്ര ആവാസവ്യവസ്ഥയെയും മത്സ്യസമ്പത്തിനെയും ഗുരുതരമായി ബാധിക്കുമെന്ന് ഗവേഷകർ പറയുന്നു.

ചെറിയ വലുപ്പവും പലവിധ നിറങ്ങളുമുള്ള ഈ പെലറ്റുകൾ കടൽ പക്ഷികൾ, മത്സ്യങ്ങൾ, ആമകൾ എന്നിവയെ തെറ്റിദ്ധരിപ്പിക്കുന്നതായും ഗവേഷകർ ചൂണ്ടിക്കാട്ടി. തങ്ങളുടെ പ്രകൃതിദത്ത ഭക്ഷണമായ മീൻ മുട്ടകളോ ചെമ്മീൻ കുഞ്ഞുങ്ങളോ ഒക്കെയായി ഇവയെക്കരുതും. ഇതു കഴിക്കുന്നതുവഴി കടൽജീവികളുടെ ദഹനവ്യവസ്ഥ തകരാറിലാകും. പ്ലാസ്റ്റിക് ദഹിക്കാത്തതിനാൽ വയർ നിറഞ്ഞതായി തോന്നി, യഥാർഥ ഭക്ഷണം കഴിക്കാനാവാതെ പട്ടിണികിടന്ന് ചത്തുപോകുന്ന സ്ഥിതിയുണ്ടാകും. പ്ലാസ്റ്റിക് പെല്ലറ്റുകൾ കഴിച്ച് വിഷാംശം ഉള്ളിൽച്ചെന്ന മത്സ്യങ്ങളെ മനുഷ്യർ ആഹാരമാക്കുമ്പോൾ, ആ രാസവസ്തുക്കളും മൈക്രോ പ്ലാസ്റ്റിക്കുകളും മനുഷ്യരുടെ ശരീരത്തിലുമെത്തും. ഇത് മാരക രോഗങ്ങൾക്ക് കാരണമായേക്കാം.

## ഇന്നത്തെ പരിപാടി

### കൊച്ചി

**ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം:** എകെഡിടിടിയു വാർഷികാഘോഷം ഉച്ചയ്ക്ക് 2ന്.

### വാരപ്പുഴ

**ചേന്നൂർ സെന്റ് ആന്റണീസ് ദേവാലയം:** വിശുദ്ധ അന്തോണിസിന്റെ ഇടവക മദ്ധ്യസ്ഥതിരുനാൾ, വൈകീട്ട് 5ന് ജപമാല പുതിയ പ്രസുദേന്തി വാഴ്ച ദിവ്യബലിയിൽ ഫാ ജോനാഥ് വചന സന്ദേശം നൽകും, രാത്രി 8ന് കുടുംബ യൂണിറ്റ് കലാപരിപാടികൾ .

**കോതാട് തിരുഹൃദയ ദേവാലയം:** ഈശോയുടെ തിരുഹൃദയ ദർശന തിരുനാൾ വൈകിട്ട് 5ന് പ്രസുദേന്തി വാഴ്ച, ലദിഞ്ഞ് ദിവ്യബലിയിൽ വികാരി ജനറൽ മോൺ: മാത്യു കല്ലിങ്കൽ കാർമ്മികത്വം വഹിക്കും ഫാ തോമസ് പുത്തൂർവചന സന്ദേശം നൽകും, രാത്രി 7ന് കുടുംബ യുണിറ്റ് കലാപരിപാടികൾ.

### കൂത്താട്ടുകുളം

**പാലക്കുഴ ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂൾ:** എഫ്.റ്റി.എമ്മിന്റെ താല്ക്കാലിക ഒഴിവിലേക്കുള്ള ഇന്റർവ്യൂ രാവിലെ 9.30ന്.

# മത്സ്യകൃഷി അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫിഷറീസ് വകുപ്പ് നൽകുന്ന വിവിധ മത്സ്യകൃഷി അവാർഡുകൾക്കായി അപേക്ഷകൾ ക്ഷണിച്ചു. ഓരു ജല മത്സ്യ കർഷകൻ, ശുദ്ധജല മത്സ്യകർഷകൻ, ചെമ്മീൻ കർഷകൻ, നൂതന മത്സ്യകൃഷി നടപ്പിലാക്കുന്ന കർഷകൻ, അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് കർഷകൻ, കല്ലുമ്മക്കായ കർഷകൻ, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപാദന യൂണിറ്റ് കർഷകൻ, തദ്ദേശസ്വയംഭരണ സ്ഥാപനം, അക്വാകൾച്ചർ പ്രൊമോട്ടർ, പ്രോജക്ട് കോഓർഡിനേറ്റർ . ഇതോടൊപ്പം മത്സ്യകൃഷി മേഖലയിൽ നൂതന ആശയങ്ങൾ വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പുകൾ, സഹകരണ സ്ഥാപനം, ഇന്നവേറ്റീവ് അക്വാകൾച്ചർ യൂണിറ്റ് എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്.

സംസ്ഥാനകേന്ദ്ര സർക്കാർ ധനസഹായ പദ്ധതികളിലൂടെയും , സ്വന്തമായും മത്സ്യകൃഷിയിൽ ഏർപ്പെടുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ജൂൺ 12 ന് വൈകിട്ട് 4 മണിക്ക് മുൻപായി ജില്ലാ ഫിഷറീസ് ഓഫീസ് അല്ലെങ്കിൽ മത്സ്യഭവനുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842394476 എന്ന ഫോൺ നമ്പരിലോ ddfisheriesekm@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാം

# സംസ്കൃത സർവ്വകലാശാലയിൽ ബി. എഫ്. എ. പ്രവേശനം

**അവസാന തീയതി ജൂൺ 15**

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ 2026-27 അക്കാദമിക വർഷത്തിൽ ആരംഭിക്കുന്ന ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (ബി. എഫ്. എ.) പ്രോഗ്രാമിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. നാല് വർഷമാണ് കോഴ്സിന്റെ കാലാവധി. പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ എന്നിവയാണ് സ്പെഷ്യലൈസേഷനുകൾ. പ്ലസ് ടു / വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായത്തിൽ നടത്തുന്ന ബി. എഫ്. എ. പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാനുള്ള പരമാവധി പ്രായം 2026 ജൂൺ ഒന്നിന് 17നും 35നും ഇടയിലായിരിക്കണം. അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.



## ആലുവ–മൂന്നാർ റോഡ് 4 വരിപ്പാത: സ്ഥലമേറ്റെടുക്കലിന് നടപടികൾ തുടങ്ങി

**പെരുമ്പാവൂർ:** എറണാകുളം ജില്ലയിലെ പ്രധാന സംസ്ഥാന പാതയായ ആലുവ-മൂന്നാർ റോഡ് 4 വരിപ്പാതയാക്കാൻ സ്ഥലമേറ്റെടുക്കലിന് നടപടികൾ തുടങ്ങി. ആലുവ, കുന്നത്തുനാട്, കോതമംഗലം താലൂക്കുകളിലെ 14 വില്ലേജുകളിൽ ഉൾപ്പെടുന്ന 102.08 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. ആലുവ പുളിഞ്ചോടു മുതൽ കോതമംഗലം കോഴിപ്പിള്ളി ബൈപാസ് ജംക്ഷൻ വരെ 38 കിലോമീറ്ററിലാണ് വികസനം. 23 മീറ്റർ വീതിയിലാണു സ്ഥലമെടുപ്പ്. 653 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ആലുവ വെസ്റ്റ്, ചൂർണിക്കര, കീഴ്മാട്, ആലുവ ഈസ്റ്റ്, വാഴക്കുളം, അറയ്ക്കപ്പടി, വെങ്ങോല, മാറമ്പിള്ളി, പെരുമ്പാവൂർ, രായമംഗലം, അശമന്നൂർ, ഇരമല്ലൂർ, തൃക്കാരിയൂർ, കോതമംഗലം വില്ലേജുകളിലാണു സ്ഥലം ഏറ്റെടുക്കുന്നത്. ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവേ നമ്പറും ഭൂമിയുടെ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനുമുള്ള വിജ്ഞാപനവും 2026 ജനുവരി 27ന് പ്രസിദ്ധീകരിച്ചിരുന്നു.

ടൗൺ ബൈപാസ് നിർമിക്കുന്നതിനാൽ പെരുമ്പാവൂർ ടൗണിൽ പാലക്കാട്ടുതാഴം മുതൽ മരയ്ക്കാർ റോഡ് ഭാഗം വരെ വീതി കൂട്ടൽ ഒഴിവാക്കി. ടൗണിൽ 2വരിയായി തുടരും. എഎം റോഡിലെ മരുതുകവല മുതൽ എഎം റോഡിലെ പാലക്കാട്ടുതാഴം വരെ ഒഎം, പിപി റോഡുകൾ കുറുകെ കടന്ന് ഏകദേശം 3.8 കിലോമീറ്ററിലാണ് ബൈപാസ്. ഇതിൽ മരുതു കവല മുതൽ ഓൾഡ് മൂവാറ്റുപുഴ റോഡിലെ കാഞ്ഞിരമുക്ക് പാലം വരെ 1.37 കിലോമീറ്റർ ഒന്നാം ഘട്ട നിർമാണം ആരംഭിച്ചു. 24 കോടി രൂപയാണ് ആദ്യ ഘട്ടത്തിന് കിഫ്ബി അനുവദിച്ചത്. 25 മീറ്റർ വീതയിലാണു നിർമാണം.

## സ്ത്രീകൾക്ക് ബസുകളിൽ സൗജന്യ യാത്ര: പദ്ധതിയ്ക്ക് 15 ന് തുടക്കം

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ജൂൺ 15 മുതൽ കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. സംസ്ഥാന സർക്കാരിന്റെ ഇന്ദിര ഗ്യാരന്റി പദ്ധതിയുടെ ഭാഗമയി 'പ്രിയദർശിനി' എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി ജൂൺ 15 മുതൽ നടപ്പിലാകും. വരുമാനമോ പ്രായമോ പരിഗണിക്കാതെയും പ്രത്യേക നിബന്ധനകളില്ലാതെയുമാണ് ആദ്യഘട്ടത്തിൽ ഓർഡിനറി ബസുകളിലെ സൗജന്യ യാത്രാ സൗകര്യം ലഭ്യമാക്കുകയെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ മന്ത്രിസഭാ യോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതോടെ കെ.എസ്.ആർ.ടി.സിക്ക് പ്രതിമാസം 65 മുതൽ 70 കോടി രൂപ വരെയും പ്രതിവർഷം 750 മുതൽ 800 കോടി രൂപ വരെയും വരുമാനക്കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ തുക സർക്കാർ കെ.എസ്.ആർ.ടി.സിക്ക് അനുവദിക്കും. നിലവിൽ ശമ്പളവും പെൻഷനും നൽകുന്നതിനായി സർക്കാർ നൽകുന്ന വാർഷിക തുകയായ 1500 കോടി രൂപയ്ക്ക് പുറമെയായിരിക്കും ഈ അധിക സഹായം.

അടുത്ത ആറുമാസത്തിനുള്ളിൽ വരുമാനം വർധിപ്പിക്കാൻ കെ.എസ്.ആർ.ടി.സിയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടുതൽ വാഹനങ്ങൾ വാങ്ങുക, സർവീസുകളുടെ എണ്ണം വർധിപ്പിക്കുക, പരസ്യ വരുമാനം കൂട്ടുക തുടങ്ങിയ നടപടികൾ കെ.എസ്.ആർ.ടി.സി സ്വീകരിക്കും. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പ്രിയദർശിനി പദ്ധതിയുടെ രണ്ടാംഘട്ടം പരിഗണിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പദ്ധതിയുടെ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തും. മലബാർ മേഖലയിലെ കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളുടെ കുറവ് ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കും. ഓരോ ജില്ലയിലും എത്ര സ്ത്രീകൾ ഓർഡിനറി ബസുകളിൽ പ്രതിദിനം യാത്ര ചെയ്യുന്നുവെന്നത് സംബന്ധിച്ചും വിശദമായ പഠനം നടത്തി തുടർ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# പുതിയ സെൻട്രൽ ജയിൽ; കൊല്ലത്തിന് പ്രഥമപരിഗണന



**കോട്ടയം:** സംസ്ഥാനത്തു പുതിയ സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങാൻ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല വിളിച്ചുചേർത്ത, ജയിൽ വകുപ്പ് ഉന്നതരുടെ യോഗത്തിൽ ധാരണ. കഴിഞ്ഞ സർക്കാരിന്റെ കാലത്തു നിർദേശമുയർന്നപ്പോൾ കോട്ടയം ജില്ലയിലെ വെള്ളൂരാണു പുതിയ ജയിലിനായി ജയിൽ വകുപ്പ് ശുപാർശ ചെയ്തെങ്കിലും തിരുവനന്തപുരം നെട്ടുകാൽത്തേരിയിലോ, കൊല്ലത്തോ സ്ഥലം കണ്ടെത്താനാണു പുതിയ നിർദേശം.

കൊല്ലത്തിനാണു പ്രഥമപരിഗണന. കൊല്ലത്തു സ്ഥലം ലഭ്യമല്ലെങ്കിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ അധീനതയിലുള്ള 25 ഏക്കർ ഭൂമി പരിഗണിക്കും. സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിനായി പുറമേ നിന്നു ഭൂമി കണ്ടെത്താനുള്ള പ്രയാസം ഉദ്യോഗസ്ഥർ യോഗത്തിൽ ധരിപ്പിച്ചു. പൂജപ്പുര, വിയ്യൂർ സെൻട്രൽ ജയിലുകളിലാണു തടവുകാരുടെ പെരുപ്പമെന്നതു കണക്കിലെടുത്താണു തെക്കൻ മേഖലയിൽ പുതിയ സെൻട്രൽ ജയിൽ ആലോചിക്കുന്നത്.

രാഷ്ട്രീയ കാരണങ്ങളാൽ തടവുകാർക്കു പരോൾ നൽകുകയോ, നിഷേധിക്കുകയോ ചെയ്യരുതെന്നാണു സർക്കാരിന്റെ നയമെന്നു രമേശ് ചെന്നിത്തല യോഗത്തിൽ പറഞ്ഞു. തടവുകാരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കും. എന്നാൽ രാഷ്ട്രീയ കാരണങ്ങളാൽ പരോൾ നൽകില്ല. തടവുകാർ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ മികച്ച സംവിധാനങ്ങളുണ്ടാകണം. ജയിലുകളുടെ സുരക്ഷ വർധിപ്പിക്കാനുള്ള സമഗ്രമായ പദ്ധതി ആലോചിക്കുന്നുണ്ടെന്നും മന്ത്രി ഉദ്യോഗസ്ഥരെ അറിയിച്ചു. ജയിൽ മാനുവൽ പരിഷ്കരണം, ചട്ടം പരിഷ്കരണം എന്നിവ നടപ്പാക്കുന്നതു പരിശോധിക്കുമെന്നും അറിയിച്ചു. ജയിൽ ഡയറക്ടർ ബൽറാം കുമാർ ഉപാധ്യായയ്ക്കു പുറമേ, സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും സൂപ്രണ്ടുമാർ, ഡിഐജിമാർ എന്നിവർ പങ്കെടുത്തു.



# നേര്യമംഗലത്ത് പുതിയ പാലം ഓഗസ്റ്റിൽ പൂർത്തിയായേക്കും

**അടിമാലി:** കൊച്ചി- മൂന്നാർ പാതയുടെ നവീകരണ പ്രവൃത്തികളുടെ ഭാഗമായി പെരിയാറിന് കുറുകെ നേര്യമംഗലത്ത് നടന്നുവരുന്ന പുതിയ പാലത്തിന്റെ നിർമാണം തകൃതിയിൽ. ഓഗസ്റ്റ് മാസത്തോടെ പണികൾ പൂർത്തിയാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. 2027 മാർച്ച് വരെ കരാർ കമ്പനിക്ക് കാലാവധി ഉണ്ടായിരിക്കെയാണ് ഓഗസ്റ്റിൽ നിർമാണ ജോലികൾ പൂർത്തിയാക്കുന്നത്.

ഇടുക്കി, എറണാകുളം ജില്ലകളെ തമ്മിൽ പെരിയാറിന് കുറുകെ നേര്യമംഗലത്തുള്ള പാലം ഏഷ്യയിലെ ആദ്യ എ ക്ലാസ് ആർച്ച് പാലമാണ്. 90 വർഷങ്ങൾ പിന്നിട്ട പാലത്തിന് സമാന്തരമായാണ് ഉരുക്കുനിർമിത ആർച്ച് പാലം നിർമാണത്തിന് രണ്ടു വർഷം മുൻപ് നടപടി ആരംഭിച്ചത്. നിലവിലുള്ള ആർച്ച് പാലത്തിന് സമാന്തരമായാണ് പുതിയ പാലത്തിന്റെ നിർമാണ ജോലികൾ അന്തിമ ഘട്ടത്തിലേക്ക് നീങ്ങുന്നത്.

പഴയ ആർച്ച് പാലത്തിന്റെ മാതൃകയിലാണ് 214 മീറ്റർ നീളമുള്ള പുതിയ ബോ സ്ട്രിങ് സ്റ്റീൽ ആർച്ച് പാലം നിർമിക്കുന്നത്. 42 മീറ്റർ നീളത്തിൽ 5 സ്പാനുകളാണ് പുതിയ പാലത്തിനുള്ളത്. 13 മീറ്ററാണ് പാലത്തിന്റെ വീതി. വാഹനങ്ങൾക്ക് കടന്നുപോകുന്നതിന് 8 മീറ്റർ വീതിയും ഇരുവശത്തും ഒന്നര മീറ്റർ വീതിയിൽ നടപ്പാതയും ഉണ്ടാകും. 3 ബോ സ്ട്രിങ് സ്റ്റീൽ ഘടിപ്പിക്കുന്ന ജോലികളാണ് പൂർത്തിയാകാനുള്ളതെന്ന് നിർമാണ പുരോഗതി വിലയിരുത്താൻ എത്തിയ ഡീൻ കുര്യാക്കോസ് എംപി പറഞ്ഞു.

അടുത്ത ദിവസങ്ങളിൽ 4, 5 സ്പാനുകളിലെ ആർച്ച് ഘടിപ്പിക്കൽ പൂർത്തിയാകും. പാലത്തിൽ പാകിയിട്ടുള്ള സ്റ്റീൽ പ്രതലത്തിൽ കോൺക്രീറ്റ് പ്രവൃത്തി കൂടി പൂർത്തീകരിക്കുന്നതോടെ അന്തിമ ഘട്ട പണികൾ മാത്രമാകും ബാക്കിയാകുന്നത്. പാലം പണി പൂർത്തിയാകുന്നതോടെ മൂന്നാറിലേക്കുള്ള സഞ്ചാരികൾക്കും മറ്റ് യാത്രക്കാർക്കും ഗതാഗതക്കുരുക്കില്ലാതെ സുഗമമായി പെരിയാറിനു കുറുകെയുള്ള പാലത്തിലൂടെ സഞ്ചരിക്കാനാകും



# അന്താരാഷ്ട്ര ആർക്കൈവ്സ് വാരാഘോഷം ആരംഭിച്ചു

**തിരുവനന്തപുരം:** ചരിത്ര രേഖകളും സാംസ്കാരിക പൈതൃകങ്ങളും സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഇതിന് സർക്കാർ പിൻതുണ നൽകുമെന്നും പുരാരേഖ വകുപ്പ് മന്ത്രി ഒ.ജെ ജനീഷ് പറഞ്ഞു. കേരള സംസ്ഥാന പുരാരേഖ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ആർക്കൈവ്സ് വാരാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ലിപികൾ, താളിയോലകൾ, ശിലായുഗ ലിഖിതങ്ങൾ, ശാസനങ്ങൾ മുതൽ ഡിജിറ്റൽ രേഖകളുടെ കാലഘട്ടം വരെ മനുഷ്യ സംസ്കാരത്തിന്റെ പരിണാമ ചരിത്രം വ്യക്തമാക്കുന്ന രേഖകളെ വരും തലമുറക്കായി സംരക്ഷിക്കേണ്ടതാണ്. പഴയ തലമുറകളുടെ ജീവിതശൈലിയും സാമൂഹിക സാഹചര്യങ്ങളും വെളിപ്പെടുത്തുന്ന പ്രാചീന രേഖകൾ മനുഷ്യവംശത്തിന്റെ പരിണാമത്തിന്റെ നേർസാക്ഷ്യങ്ങളാണ്. ആശയവിനിമയത്തിന്റെ വളർച്ചയും സാംസ്കാരികചരിത്ര പാരമ്പര്യവും പുരാരേഖകൾ വഴി തലമുറകളിലേക്ക് കൈമാറപ്പെടണം, ഡിജിറ്റൽ യുഗത്തിൽ രേഖസംരക്ഷണത്തിന് കൂടുതൽ പ്രാധാന്യമുണ്ടെന്നും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

നീതിക്കായുള്ള പുരാരേഖകൾ : അവകാശങ്ങൾ, ഓർമ, ഭാവി എന്നതാണ് ഈ വർഷത്തെ ആർക്കൈവ്സ് വാരാഘോഷത്തിന്റെ പ്രമേയം. സാമൂഹിക വികാസത്തിന്റെ ഭാഗമായി എഴുത്തുകളുടെയും രേഖകളുടെയും ശേഖരണവും സംരക്ഷണവും ഉറപ്പാക്കുന്നതിനായാണ് ദിനാചരണം. ലോകമെമ്പാടുമുള്ള ആർക്കൈവുകളുടെ പ്രവർത്തനങ്ങളും അവയുടെ സാമൂഹിക പ്രസക്തിയും ജനങ്ങളിലേക്ക് എത്തിക്കുകയാണ് വാരാഘോഷത്തിന്റെ ലക്ഷ്യം.

വാർഡ് കൗൺസിലർ ഷേർളി എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന പുരാരേഖ വകുപ്പ് ഡയറക്ടർ പാർവതി എസ് സ്വാഗതം ആശംസിച്ചു. സാംസ്കാരിക വകുപ്പ് ജോയിന്റ് സെക്രട്ടറി രജനി എം, സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, മ്യൂസിയം, മൃഗശാല വകുപ്പ് ഡയറക്ടർ പി. എൻ. മഞ്ജുളാദേവി, കെ സി എച്ച് ആർ ഡയറക്ടർ ആർ ചന്ദ്രൻ പിള്ള, സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫാ. ജെറോം അൽഫോൻസ്, പ്രിൻസിപ്പൽ ഡോ. സുനിൽകുമാർ മോറായിസ് സി, ഹെഡ്മാസ്റ്റർ നിധീഷ് സെബാസ്റ്റ്യൻ എന്നിവർ ആശംസകളറിയിച്ചു. ആർക്കിവിസ്റ്റ് നിജ ആർ. നന്ദി അറിയിച്ചു. പരിപാടിയുടെ ഭാഗമായി ആർക്കൈവ്സ് മേഖലയിലെ പ്രദർശനങ്ങളും ചർച്ചകളും സംഘടിപ്പിച്ചു. ചരിത്ര ക്വിസ് മൽസര വിജയികൾക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്തു.

# മലബാർ റിവർ ഫെസ്റ്റിവൽ ജൂലൈ 30 മുതൽ

**കോഴിക്കോട്:** മലബാർ റിവർ ഫെസ്റ്റിവൽ 2026ന്റെ പന്ത്രണ്ടാമത് എഡിഷൻ ജൂലൈ 30 മുതൽ ആഗസ്റ്റ് 2 വരെ കോഴിക്കോട് ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലും നടക്കുമെന്ന് ടൂറിസം മന്ത്രി പി. സി. വിഷ്ണുനാഥ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരവും ഇന്ത്യയിലെ ഏറ്റവും വലിയ സാഹസിക കായിക മേളയുമാണ് മലബാർ റിവർ ഫെസ്റ്റിവൽ. 20ലധികം രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര കയാക്കർമാരെയും നൂറിലധികം ദേശീയ കയാക്കർമാരെയും പ്രതീക്ഷിക്കുന്നതായി മന്ത്രി വ്യക്തമാക്കി. ഫെസ്റ്റിവലിന്റെ പ്രചരണാർത്ഥം കോഴിക്കോട് മുനിസിപ്പാലിറ്റിയിലും എട്ടു പഞ്ചായത്തുകളിലും 18 ഓളം സാഹസിക കായിക പരിപാടികൾ സംഘടിപ്പിക്കും. കഴിഞ്ഞ വർഷത്തെ ഫെസ്റ്റിവലിൽ അമേരിക്ക, ന്യൂസിലൻഡ്, ചിലി, റഷ്യ, ബെൽജിയം, ഇറ്റലി, മലേഷ്യ, ഉക്രൈൻ, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുള്ള 18 കയാക്കർമാർ പങ്കെടുത്തിരുന്നു. 85 ഇന്ത്യൻ കയാക്കർമാരും ഇതിൽ പങ്കാളികളായിരുന്നതായി മന്ത്രി അറിയിച്ചു.



ടൂറിസം വകുപ്പ് മന്ത്രി രക്ഷാധികാരിയായി സംഘാടക സമിതി പ്രവർത്തിക്കും. കോഴിക്കോട് ജില്ലാ കളക്ടർ സമിതിയുടെ ചെയർമാനായിരിക്കും. കൂടാതെ ജനപ്രതിനിധികളും ഉദ്യോഗസ്ഥ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രതിനിധികളും സമിതിയിലുണ്ട്. ഇന്ത്യൻ കയാക്കിംഗ് ആന്റ് കനോയിംഗ് അസോസിയേഷന്റെ സാങ്കേതിക സഹകരണത്തോടെയാണ് കേരള ടൂറിസം വകുപ്പ് പരിപാടി സംഘടിപ്പിക്കുന്നത്. സാഹസിക കായിക പ്രേമികൾ, ടൂറിസം പ്രതിനിധികൾ, അന്താരാഷ്ട്ര കയാക്കർമാർ എന്നിവരുടെ വലിയ പങ്കാളിത്തം പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു.

കേരളത്തിലെ അമ്യൂസ്മെന്റ് പാർക്കുകളിൽ സുരക്ഷാ പരിശോധന നടത്തുന്നത് പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു. റെസ്പോൺസിബിൾ ടൂറിസം പോലെ സസ്റ്റൈനബിൾ ടൂറിസം ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ടൂറിസം വകുപ്പ് സെക്രട്ടറി കെ. ബിജു, ഡയറക്ടർ എം. അഞ്ജന, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സെക്രട്ടറി ബിനു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## പി.ആർ.ഡി. ഫോട്ടോഗ്രാഫർ പാനലിലേക്ക് 18 വരെ അപേക്ഷിക്കാം

**പാലക്കാട്:** ഇൻഫർമേഷൻ, പബ്ലിക് റിലേഷൻസ് വകുപ്പിനായി ഫോട്ടോ കവറേജ് നടത്തുന്നതിന് പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസിലേക്ക് കരാർ ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുന്നു. അപേക്ഷകർക്ക് ഡിജിറ്റൽ എസ്.എൽ.ആർ/മിറർലെസ് കാമറകൾ ഉപയോഗിച്ച് ഹൈ റസലൂഷൻ ചിത്രങ്ങൾ എടുക്കാൻ കഴിയണം. ജില്ലയിൽ സ്ഥിരതാമസക്കാരായിരിക്കണം.

ക്രിമിനൽ കേസുകളിൽപെടുകയോ ശിക്ഷിക്കപ്പെടുകയോ ആരോപണ വിധേയരോ അച്ചടക്കനടപടി നേരിട്ടവരോ ആകരുത്. അപേക്ഷകർ താമസപരിധിയിലെ സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിന്നും സ്വഭാവ സർട്ടിഫിക്കറ്റും കേസുകളോ മറ്റോ ഇല്ലായെന്നത് സംബന്ധിച്ച രേഖയും ഹാജരാക്കണം. വൈഫൈ കാമറകൾ കൈവശമുള്ളവർക്കും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ കരാർ ഫോട്ടോഗ്രാഫറായും പത്രസ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫറായും സേവനം അനുഷ്ഠിച്ചവർക്കും മുൻഗണന നൽകും.

പേര്, വീട്ടുവിലാസം, ഏറ്റവും പുതിയ ഫോട്ടോ, ഫോൺ നമ്പർ, ഇമെയിൽ വിലാസം, കൈവശമുള്ള ഫോട്ടോഗ്രാഫി ഉപകരണങ്ങളുടെ വിവരം, പ്രവൃത്തിപരിചയം എന്നിവ വെള്ളക്കടലാസിൽ രേഖപ്പെടുത്തിയാണ് അപേക്ഷ തയ്യാറാക്കേണ്ടത്. അസൽ രേഖകളുടെയും ഉപകരണങ്ങളുടെയും പരിശോധന, പ്രായോഗികപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. അപേക്ഷയും അനുബന്ധരേഖകളും തപാലിലോ ഓഫീസിൽ നേരിട്ടോ നൽകാം. പ്രവൃത്തിപരിചയം ഉൾപ്പെടെ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതമുള്ള അപേക്ഷ ജൂൺ 18ന് വൈകിട്ട് അഞ്ചിനകം ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, പാലക്കാട്, പിൻ678001 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 0491 2505329.

## എംഒസിയിൽ അധ്യയനവർഷാരംഭം

**മാങ്ങാനം:** സന്യസ്തർക്കുവേണ്ടിയുള്ള ഉന്നത ദൈവശാസ്ത്രപഠന കേന്ദ്രമായ എംഒസിയിൽ 2026–27 അധ്യയനവർഷം ആർച്ച്ബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ ഫാ. ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം സ്വാഗതം പറഞ്ഞു. ഡയറക്ടർ ഫാ. ഡോ. വർഗീസ് മറ്റത്തിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

പിഒഐആർഎസ് പ്രസിഡൻറ് ഫാ. ഡോ. പോളി മണിയാട്ട്, എസ്എച്ച് കോൺഗ്രിഗേഷൻ ജനറൽ കൗൺസിലർ സിസ്റ്റർ ആൻസി പോൾ എസ്എച്ച്, ജനറൽ പ്രീഫെക്ട് സിസ്റ്റർ എയ്ഞ്ചൽ മരിയ എഫ്സിസി എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. ആൻറണി കമുകുംപള്ളി, ഫാ. ഡോ. മാണി പുതിയിടം, ഫാ. ഡോ. ജേക്കബ് കിഴക്കേവീട്, ഫാ. ജോസഫ് പൊന്നാറ്റിൽ എന്നിവർ പങ്കെടുത്തു.

## നെയ്യാറ്റിൻകര നഗരസഭ: ഹരിതകർമസേനക്ക് സംസ്ഥാനതല പുരസ്കാരം

**നെയ്യാറ്റിൻകര:** സംസ്ഥാനത്തെ മികച്ച ഹരിതകർമസേനയ്ക്കുള്ള അഡ്വ. ഷെരീഫ് ഉള്ളത്ത് പുരസ്കാരം നെയ്യാറ്റിൻകര നഗരസഭയിലെ ഹരിതകർമസേനയ്ക്ക് ലഭിച്ചു. നെയ്യാറ്റിൻകര നഗരസഭയിലെ പഴയ 44 വാർഡുകളിലായി 88 ഹരിതകർമ സേനാംഗങ്ങളാണുള്ളത്.

പുതുതായി രൂപീകരിച്ച രണ്ടു വാർഡുകളിലേയ്ക്ക് ഹരിതകർമസേന പ്രതിനിധികളെ തെരഞ്ഞെടുത്തിട്ടില്ല.

ഓരോ വാർഡിലും രണ്ടു വീതം ഹരിതകർമസേനാംഗങ്ങളുണ്ട്. ഇവരെ നാലു ക്ലസ്റ്ററുകളിലായി തിരിച്ചിരിക്കുന്നു. ആദ്യത്തെ രണ്ടു ക്ലസ്റ്ററുകളിൽ 12 വാർഡുകൾ വീതവും അടുത്ത രണ്ടു ക്ലസ്റ്ററുകളിൽ 11 വീതവും വാർഡുകൾ ക്രമീകരിച്ചിട്ടുണ്ട്. ഹരിതകർമസേനാംഗങ്ങൾക്ക് ശന്പള തുല്യത വരുന്നതടക്കമുള്ള പ്രഫഷണലിസമാണ് ഈ നടപടിക്രമങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. രാവിലെ ഒമ്പതിന് ഹരിതകർമ സേനാംഗങ്ങൾ ജോലി ആരംഭിക്കും.

ദിവസവും ശരാശരി 40 മുതൽ 62 വരെ വീടുകൾ സന്ദർശിക്കാനാണ് നിർദേശം.

ഓരോ ദിവസത്തെയും ജോലി ആരംഭിക്കുന്നതിനോടനുബന്ധിച്ച് ഫോട്ടോയും ഹാജരും നിർബന്ധം. പന്ത്രണ്ട് ദിവസം കൊണ്ട് വാർഡുതല ശേഖരണം പൂർത്തിയാകും. അഞ്ചു ദിവസം ആർആർഎഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) യൂണിറ്റിൽ ഡ്യൂട്ടി ചെയ്യണം. ചുരുക്കത്തിൽ ഒരു ഹരിതകർമസേനാംഗം 17 ദിവസത്തിനകം പ്രതിമാസ ദൗത്യം കൃത്യമായി നിർവഹിച്ച് കഴിഞ്ഞിരിക്കും.

ഓഫ് അടക്കം ബാക്കിയുള്ള ദിവസങ്ങളിൽ മറ്റേതെങ്കിലും കർമങ്ങളിൽ താത്പര്യമുള്ളവർക്ക് വ്യാപൃതരാകാം. വീടുകളിൽ നിന്ന് യൂസർ ഫീ 70 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് ശേഖരിക്കേണ്ടത്.

## ജൂബിലിയിൽ ഷേപ്പിംഗ് ടുമാറോസ് റിസർച്ചേഴ്സ് ശില്പശാല

**തൃശൂർ:** ഷേപ്പിംഗ് ടുമാറോസ് റിസർച്ചേഴ്സ് വിഷയത്തെ ആസ്പദമാക്കി നൂതനഗവേഷണരീതികളും സാധ്യതകളും ഉൾപ്പെടുത്തി ജൂബിലി മിഷൻ നഴ്സിംഗ് കോളജ് അധ്യാപകരുടെയും ബിരുദാനന്തരബിരുദ വിദ്യാർഥികളുടെയും നേതൃത്വത്തിൽ കേരളത്തിലെ നഴ്സിംഗ് അധ്യാപകർക്കും ബിരുദാനന്തരബിരുദ വിദ്യാർഥികൾക്കുമായി ശില്പശാല നടത്തി.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. പ്രഫ.ഡോ. ജോ തോമസ്, ഡോ. മരിയ ജോസ്, പ്രോജക്ട് റിസർച്ച് സയൻറിസ്റ്റ് ടി. സുൽഫത്ത്, അമല മെഡിക്കൽ കോളജിലെ ബയോസ്റ്റാറ്റിക്സ് ലക്ചറർ എം.പി. ജിനി, ജൂബിലി നഴ്സിംഗ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ജൂഡി എസ്എഐസി, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ട്രീസ ആൻറോ എന്നിവർ ക്ലാസെടുത്തു.

## കോഴിക്കോട് മെഡിക്കൽ കോളജ് വികസനം: പുതിയ തസ്തികകളും വിഭാഗങ്ങളും ആരംഭിക്കും: മന്ത്രി

**കോഴിക്കോട്:** കോഴിക്കോട് മെഡിക്കൽ കോളജിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആരോഗ്യ മന്ത്രി കെ. മുരളീധരന്റെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം പുതിയ തസ്തികകൾ സൃഷ്ടിക്കാനും അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കാനും അനുമതിയായി. മെഡിക്കൽ കോളജ് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ നഴ്സിംഗ് ഓഫീസർ തസ്തികകൾ വർധിപ്പിക്കാനും റേഡിയോതെറാപ്പി വിഭാഗത്തിൽ സീനിയർ റെസിഡൻറ് തസ്തിക സൃഷ്ടിക്കാനും തീരുമാനമായി.

ഓർത്തോപീഡിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തിക പുതുതായി അനുവദിക്കും. ഇൻറർവെൻഷൻ റേഡിയോളജി വിഭാഗത്തിന് പുതിയ ഫാക്കൽറ്റി അല്ലെങ്കിൽ എച്ച്ഒഡിയെ നിയമിക്കും. വന്ധ്യതാ ചികിത്സാ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ റീപ്രൊഡക്റ്റീവ് മെഡിസിൻ വിഭാഗം പുതുതായി ആരംഭിക്കാനും തീരുമാനമായി.

കുട്ടികളുടെ ഐസിയു കൂടുതൽ സൗകര്യങ്ങളോടെ മൂന്നാം നിലയിലേക്ക് മാറ്റും. കോക്ലിയർ ഇംപ്ലാൻറ് ശസ്ത്രക്രിയകൾക്കായി നിലവിലുള്ള ഓപ്പറേഷൻ തിയറ്റർ നവീകരിക്കാനും യോഗം തീരുമാനിച്ചു.

ഹൃദയസംബന്ധമായ ശസ്ത്രക്രിയകൾക്ക് അത്യന്താപേക്ഷിതമായ ഹാർട്ട്ലംഗ് മെഷീൻ വാങ്ങാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലയിലെ എല്ലാ എംഎൽഎമാരും മെഡിക്കൽ കോളേജിലേക്ക് ആവശ്യമായ വെന്റിലേറ്ററുകൾ വാങ്ങി നൽകുന്നതിൽ ഫണ്ട് വിനിയോഗിക്കും. ആശുപത്രിയിലെ പഴയ കാഷ്വാലിറ്റിയിലുള്ള ചോർച്ച പരിഹരിക്കാനും വർഷങ്ങളായുള്ള കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം അടിയന്തരമായി കാണാനും മന്ത്രി നിർദ്ദേശം നൽകി. യോഗത്തിൽ അഡ്വ. കെ. ജയന്ത് എംഎൽഎ, കോളജ് പ്രിൻസിപ്പാൾ കെ.ജി. സജിത്ത്, സൂപ്രണ്ട് ഡോ.എം.പി. ശ്രീജയൻ, വിവിധ വിഭാഗം മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## മലബാർ കെയർ കണക്ട് പദ്ധതി; ധാരണാപത്രം ഒപ്പുവച്ചു

**കോഴിക്കോട്:** സാമൂഹിക ഉന്നമനവും അത് വഴി രാജ്യത്തിന്റെ സമഗ്ര പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്ന മലബാർ ഗ്രൂപ്പ് സാന്ത്വന പരിചരണ ചികിത്സാ രംഗത്ത് വലിയ മുന്നേറ്റത്തിന് തുടക്കം കുറിക്കുന്നു.

സാന്ത്വന പരിചരണ ചികിത്സാ മേഖലയിൽ ലോകത്തിന് തന്നെ മാതൃകയായ കോഴിക്കോട് മെഡിക്കൽ കോളജിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനുമായി കൈകോർത്ത് മലബാർ കെയർ കണക്ട് എന്ന പേരിലാണ് പുതിയ പദ്ധതി നടപ്പാക്കുന്നത്.

മലബാർ കെയർ കണക്ട് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനും മലബാർ ഗ്രൂപ്പും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. ഐപിഎം ക്യാമ്പസിൽ നടന്ന ചടങ്ങിൽ മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദും, പെയിൻ ആൻറ് പാലിയേറ്റീവ് കെയർ സൊസൈറ്റി സെക്രട്ടറി പി.സി. ശ്രീകുമാറുമാണ് ധാരാണാപത്രത്തിൽ ഒപ്പിട്ടത്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ ഫൗണ്ടർ ഡയറക്ടർ ഡോ.സുരേഷ് കുമാർ, മലബാർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എ. കെ.നിഷാദ് മലബാർ ഗ്രൂപ്പിലെ മറ്റ് ടീം അംഗങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ അധികൃതർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



## ഇന്ധനവിലയ്ക്കൊപ്പം കൂലിയും ട്രാക്ടർ വാടകയും ഉയർന്നതോടെ കർഷകർ പ്രതിസന്ധിയിൽ

**നെന്മാറ:** ഇന്ധനവിലയിലെ തുടർച്ചയായ വർധനവ് കാർഷിക മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു. ഡീസൽവില ഉയർന്നതിനെ തുടർന്ന് ട്രാക്ടർ വാടകയും പുല്ലുവെട്ട് തൊഴിലാളികളുടെ കൂലിയും വർധിച്ചതോടെ കർഷകർക്കു കൃഷിച്ചെലവ് ഗണ്യമായി കൂടി.

കൃഷിയിറക്കുന്നതിനും പാടശേഖരങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ പ്രധാന സേവനങ്ങളുടെ നിരക്ക് ഉയർന്നത് ചെറുകിട, ഇടത്തരം കർഷകരെ ഏറെ ആശങ്കയിലാഴ്ത്തി.

ട്രാക്ടർ വാടക കഴിഞ്ഞ സീസണിനെ അപേക്ഷിച്ച് മണിക്കൂറിന് 200 രൂപ വർധിച്ച് 1200 രൂപയായി ഉയർന്നു. റൊട്ടറേറ്റർ പ്രവർത്തനം തുടങ്ങിയ കാർഷിക ജോലികൾക്ക് 1200 രൂപയിൽ നിന്നും 1500 രൂപയായി ഉയർന്നതും ട്രാക്ടറുകളെ ആശ്രയിക്കുന്ന കർഷകർക്ക് അധിക സാമ്പത്തിക ബാധ്യതയാണുണ്ടായിരിക്കുന്നത്.

മഴയെ ആശ്രയിക്കാത്ത പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ റൊട്ടറേറ്റർ ഘടിപ്പിച്ച ട്രാക്ടറുകൾ ഉപയോഗിച്ചാണ് നിലമൊരുക്കുന്നത്. ഇന്ധനച്ചെലവ് കൂടിയതോടെ ട്രാക്ടർ ഉടമകൾക്കും വാടക വർധിപ്പിക്കാതെ മറ്റുമാർഗമില്ലാത്ത സാഹചര്യമാണുള്ളത്.

ഒരു മണിക്കൂർ പുല്ലുവെട്ടുന്നതിനുള്ള നിരക്ക് നിലവിൽ 290 മുതൽ 310 രൂപ വരെയായി ഉയർന്നിട്ടുണ്ട്. ഇതോടെ അത്യാവശ്യമായി വെട്ടിമാറ്റേണ്ട സ്ഥലങ്ങളിൽ മാത്രമാണ് കർഷകർ തൊഴിലാളികളെ വിളിച്ചുവരുത്തുന്നത്.

കർഷകരിൽ പലരും ചെലവ് ലഘൂകരിക്കാൻ ചില പ്രദേശങ്ങളിൽ പുല്ലുവെട്ടൽ പൂർണമായും ഒഴിവാക്കുകയോ വൈകിക്കുകയോ ചെയ്യുന്ന സ്ഥിതിയാണ്. റബർ മേഖലയിലും ഇതിന്റെ പ്രതിഫലനം പ്രകടമാണ്. മുഴുവൻ ഭാഗങ്ങളിലും പുല്ലുവെട്ടി വൃത്തിയാക്കുന്ന പതിവുകുറഞ്ഞ് റബർ ടാപ്പിംഗിനും പരിപാലനത്തിനും ആവശ്യമായ പ്ലാറ്റ്ഫോം ഭാഗങ്ങളിൽ മാത്രമായി ജോലികൾ ചരുങ്ങിയതായി കർഷകർ പറയുന്നു.



## തമിഴ്നാട്ടിൽ കൃഷി കുറഞ്ഞു, കേരളത്തിൽ നേന്ത്രക്കായ വില കുതിക്കുന്നു

**കൊല്ലം:** തമിഴ്നാട്ടിൽ കൃഷി കുറഞ്ഞതോടെ നേന്ത്രക്കായ വില കുതിക്കുന്നു. ഒരാഴ്ച മുമ്പ് കിലോയ്ക്ക് 30–35 രൂപ മൊത്തവില ഉണ്ടായിരുന്നത് 50–54 രൂപയിലെത്തി. ചില്ലറ വിൽപ്പന വില 60–70 രൂപ ആയി. കഴിഞ്ഞ മൂന്നുവർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വിലയാണിത്.

2023 ജൂലൈ-ഓഗസ്റ്റ് മാസത്തിലാണു സമാന വില ലഭിച്ചത്. കഴിഞ്ഞ രണ്ടുവർഷം കൂടുതൽ കൃഷി ഇറക്കുകയും മികച്ച വിളവ് ലഭിക്കുകയും ചെയ്തിരുന്നു. ആവശ്യത്തിലധികം ഉൽപ്പാദനം ഉണ്ടായതോടെ വില കുത്തനെ ഇടിഞ്ഞു. ആവശ്യക്കാർ ഇല്ലാത്തതിനാൽ കൃഷിയിടത്തിൽത്തന്നെ കുലകൾ പഴുത്തു നശിച്ചിരുന്നു. നഷ്ടം നേരിട്ട കർഷകരിൽ ഭൂരിഭാഗം പേരും ഇക്കുറി കൃഷി ഇറക്കാൻ തയാറായില്ല. അതിനിടെ കർണാടകയിൽ വിളവെടുപ്പു തീർന്നതും പ്രതിസന്ധിയായി.

ജില്ലയിലെ കർഷകർ ഓണത്തിനു വിളവെടുപ്പ് ലക്ഷ്യമിട്ട് ഇറക്കിയ കൃഷി മേയ് പകുതിയോടെയുണ്ടായ വേനൽ മഴയിൽ നശിച്ചു. കുലച്ചതും കുലയ്ക്കാറായതുമായ വാഴകളാണു കാറ്റിൽ നിലംപൊത്തിയത്. 29,110 കുലച്ച ഏത്തവാഴയും 22,200കുലയ്ക്കാത്ത വാഴകളും നശിച്ചതിൽപ്പെടുന്നു. 88.80 ലക്ഷത്തിന്റെ നഷ്ടമാണ് കണക്കാക്കിയത്. അതിനാൽ ജില്ലയിലും നേന്ത്രക്കായ കുറവാണ് ഇപ്പോൾ. ഇതാണു വില ഉയരുന്നതിന്റെ പ്രധാന കാരണമെന്ന് കർഷകർ പറയുന്നു.



# യാത്രാ സമയം ഒന്നര മണിക്കൂറിൽ നിന്ന് 15 മിനിറ്റിലേക്ക്; പരമാവധി വേഗം 80 കി.മീ

**ബെംഗളൂരു:** മാഗഡി റോഡ്-മൈസൂരു റോഡ് എന്നിവയെ ബന്ധിപ്പിച്ച് ചല്ലഘട്ട നാടപ്രഭു കെംപഗൗഡ ലേഔട്ടിലൂടെയുള്ള 10 വരി റോഡ് അടുത്ത മാസം ഗതാഗതത്തിന് തുറന്നുകൊടുക്കും. നൈസ് റോഡിന് ബദലായി 10.7 കിലോമീറ്റർ നീളത്തിൽ ബെംഗളൂരു വികസന അതോറിറ്റി (ബിഡിഎ) നിർമിച്ച ടോൾ രഹിത റോഡ് യാത്രാ സമയം ഒന്നരമണിക്കൂറിൽ നിന്ന് 15 മിനിറ്റായും കുറയ്ക്കും. ചല്ലഘട്ട മെട്രോ സ്റ്റേഷനു സമീപത്തു നിന്ന് ആരംഭിക്കുന്ന റോഡ് കഡംബഗരെയിലാണ് മാഗഡി റോഡുമായി ചേരുന്നത്.

നിർദിഷ്ട ബെംഗളൂരു വ്യവസായ ഇടനാഴിയുമായും പുതിയ റോഡ് ബന്ധിപ്പിക്കുന്നുണ്ട്. നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ നിന്ന് ബെംഗളൂരു-മൈസൂരു എക്സ്പ്രസ് വേയിലേക്ക് ഗതാഗതകുരുക്കില്ലാതെ എത്താനും പുതിയ റോഡ് തുറക്കുന്നതിലൂടെ സാധിക്കും. 6 വരി പ്രധാന പാതയ്ക്കൊപ്പം ഇരുവശങ്ങളിലും 4 വരി സർവീസും റോഡും ഉൾപ്പെടുന്നുണ്ട്.കൂടാതെ 1.4 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക്, നടപ്പാത എന്നിവയുടെ നിർമാണം പുരോഗമിക്കുകയാണ്.

80 കിലോമീറ്ററാണ് പരമാവധി വേഗപരിധി നിശ്ചയിച്ചിരിക്കുന്നത്. 64 ചെറുപാലങ്ങൾ, 3 അടിപ്പാതകൾ, 250 മീറ്റർ തുരങ്കപാത എന്നിവ അടങ്ങിയതാണ് റോഡ്.

കെംപെഗൗഡ ലേഔട്ടിനുള്ളിലൂടെയുള്ള പുതിയ റോഡിന്റെ വശങ്ങളിൽ 6000 മരങ്ങൾ ബെംഗളൂരു വികസന അതോറിറ്റി നട്ടുപിടിപ്പിക്കുന്നത് ആരംഭിച്ചു. 4500 ഏക്കറിലായി വ്യാപിച്ച് കിടക്കുന്ന കെംപെഗൗഡ ലേഔട്ടിലെ വിവിധ ഫേസുകളിലാണ് മരങ്ങൾ നട്ടുപിടിപ്പിക്കുന്നത്. മിയാവാക്കി വനങ്ങളും ഇതിന്റെ ഭാഗമായി ഒരുക്കുന്നുണ്ട്. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഒരു മാസത്തിനുള്ളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് പൂർത്തിയാക്കും. തുടർ പരിപാലനവും ഉറപ്പ് വരുത്തും.

# കൊല്ലം ജില്ലയിലേക്ക് പ്രതിവർഷം 20 ലക്ഷം സഞ്ചാരികളെ ആകർഷിക്കും: മന്ത്രി

**കൊല്ലം:** സഞ്ചാരികളെ ലക്ഷ്യമാക്കിയുള്ള വിനോദസഞ്ചാര വികസനത്തിന് വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി പി.സി. വിഷ്ണുനാഥ് പറഞ്ഞു. അഷ്ടമുടി കേന്ദ്രീകരിച്ച് രാജ്യാന്തര നിലവാരത്തിലുള്ള വിനോദോപാധികളാണ് ഉദ്ദേശിക്കുന്നത്. ജെൻ സി മാത്രമല്ല ജെൻ ആൽഫയെക്കൂടി കണക്കിലെടുത്തുള്ള ഗെയ്മിംഗ് സോണുകൾ സജ്ജമാക്കും. കുടുംബത്തോടെയുള്ള സഞ്ചാരത്തിന് പ്രോത്സാഹനമാകുംവിധം താമസ സൗകര്യവും മെച്ചപ്പെടുത്തും. സഞ്ചാരികൾ കൂടുതൽ ദിവസം തങ്ങുന്നരീതി പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

പ്രാദേശിക ഉത്പന്നങ്ങൾക്കുള്ള വിപണിയും അനുബന്ധമായി വികസിപ്പിക്കും. ഇതിലൂടെ പ്രദേശത്തുള്ളവരുടെ ജീവിതനിലവാരം ഉയർത്താനാകും. ആധുനിക സംവിധാനങ്ങളുടെ നിർമ്മാണഘട്ടത്തിൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. പൂർത്തീകരണത്തോടെ പ്രത്യക്ഷ, പരോക്ഷ തൊഴിലുകൾക്കും സാദ്ധ്യതയേറും. മേഖലയിൽ നിന്ന് പ്രതിവർഷം കുറഞ്ഞത് 50 കോടിയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

ഹൗസ് ബോട്ട് ടൂറിസം, തങ്കശേരി വിളക്കുമാടത്തിന്റെ സാദ്ധ്യത എന്നിവ പ്രയോജനപ്പെടുത്തിയുള്ള ലഘുസഞ്ചാരം തുടങ്ങിയവ യാഥാർത്ഥ്യമാക്കും. വിനോദസഞ്ചാരമൂല്യവർദ്ധനയ്ക്കായി സാംസ്കാരിക പരിപാടികൾ, പാരമ്പര്യകലാരൂപങ്ങളുടെ അവതരണം, കരകൗശലവിദഗ്ദ്ധർക്ക് ഇടമൊരുക്കൽ തുടങ്ങിയവയുമുണ്ടാകും. ഒഴുകുന്ന ഭക്ഷണശാലപൊതു,സ്വകാര്യ പങ്കാളിത്തത്തോടെ ഉന്നതനിലവാരത്തിലുള്ള സംവിധാനങ്ങളും ഏർപ്പെടുത്തും. ജൈവ വൈവിദ്ധ്യ സംരക്ഷണംഉറപ്പാക്കി സുസ്ഥിര വിനോദ സഞ്ചാരമാണ് തലമുറകൾക്കായി ഒരുക്കുക. കായലിൽ ഒഴുകുന്ന ഭക്ഷണശാലയിൽ 100 പേർക്കാണ് ഇടമൊരുക്കുന്നത്. ജലകേളികൾക്കുള്ള സൗകര്യവും സജ്ജമാക്കും. കണ്ടൽക്കാടുകളിലേക്കുള്ള സഞ്ചാരമൊരുക്കി പ്രകൃതിസന്ദേശവും നൽകാനാകും. കായൽ മലിനമാക്കുന്നത് തടയാൻ ക്യാമറ നിരീക്ഷണം ഏർപ്പെടുത്തും. സാദ്ധ്യമായ ഇടങ്ങളിൽ സംരക്ഷണ വേലിയുമുണ്ടാകുമെന്ന് ചർച്ചകളുടെ അടിസ്ഥാനത്തിൽ മന്ത്രി വ്യക്തമാക്കി.

# ഇന്ധന വില പിടിച്ചുനിർത്താൻ കമ്പനികൾക്ക് സർക്കാർ നൽകിയത് 1.23 ലക്ഷം കോടി

**മുംബൈ:** പശ്ചിമേഷ്യാസംഘർഷം തുടങ്ങിയശേഷം രാജ്യത്ത് ഇന്ധന വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണവിതരണക്കമ്പനികൾക്ക് സർക്കാർ നൽകിയത് 1.23 ലക്ഷം കോടി രൂപയെന്ന് റിപ്പോർട്ട്. കൂടാതെ വളംമേഖലയിൽ സബ്സിഡിക്കായി വളം മന്ത്രാലയം ബജറ്റിൽ നിർദേശിച്ച വിഹിതത്തിൽ 100 ശതമാനംവരെ വർധനയ്ക്കും ആവശ്യമുന്നയിച്ചിട്ടുണ്ട്. ഇറാനിൽ അമേരിക്കയും ഇസ്രയേലുംചേർന്ന് നടത്തുന്ന ആക്രമണം ഇന്ത്യയുടെ ഇറക്കുമതിച്ചെലവിനത്തിൽ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നതാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്.

പെട്രോളും ഡീസലും എൽ.പി.ജി.യും വിലകുറച്ചുനൽകുന്നതുവഴി ദിവസം 650 കോടി രൂപയ്ക്കടുത്ത് നഷ്ടം എണ്ണ വിതരണക്കമ്പനികൾക്കുണ്ടാകുന്നുവെന്നാണ് സർക്കാർ കണക്ക്. അന്താരാഷ്ട്രവിപണിയിൽ അസംസ്കൃത എണ്ണവില കുറഞ്ഞതിനാൽ ഇതിൽ വ്യത്യാസമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനികളുടെ പ്രവർത്തനം തുടർന്നുപോകുന്നതിന് സാമ്പത്തികപിന്തുണ ഇവയ്ക്കാവശ്യമായി വരുന്നു. മേയ് 15നുശേഷം എണ്ണക്കമ്പനികൾ പെട്രോളിനും ഡീസലിനും നാലുതവണ വില വർധിപ്പിച്ചിരുന്നു. മാർച്ച് 27ന് സർക്കാർ എക്സൈസ് തീരുവയിനത്തിൽ പത്തുരൂപയുടെ കുറവു വരുത്തുകയും ചെയ്തിരുന്നു.

രാസവളത്തിനായി 3.4 ലക്ഷം കോടിയുടെ സബ്സിഡി ലഭ്യമാക്കണമെന്നാണ് വളം മന്ത്രാലയം ആവശ്യപ്പെട്ടിട്ടുള്ളത്. ബജറ്റിൽ 1.71 ലക്ഷം കോടി രൂപയായിരുന്നു ഇതിനായി നീക്കിവെച്ചിരുന്നത്.

പുതിയ സാഹചര്യത്തിൽ ചെലവുകളുയർന്നതിനെത്തുടർന്നാണ് കൂടുതൽ തുക അനുവദിക്കണമെന്ന ആവശ്യവുമായി വളം മന്ത്രാലയം രംഗത്തുവരാൻ കാരണമായിരിക്കുന്നത്. ഇത് ധനമന്ത്രാലയത്തിന്റെ പരിഗണനയിലാണിപ്പോൾ. അതിനിടെ ചൈന ഇന്ത്യയിലേക്കുള്ള വളം വിതരണം പുനരാരംഭിച്ചിട്ടുണ്ടെന്നും സർക്കാർവൃത്തങ്ങൾ പറയുന്നു.



# പെട്രോളിലെ ഉയർന്ന എഥനോൾ മിശ്രിതത്തിന് എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി ഇന്ത്യ; നികുതി ഇളവുമായി സർക്കാർ




**ന്യൂഡൽഹി:** ബുധനാഴ്ച പുറത്തിറക്കിയ സർക്കാർ വിജ്ഞാപനമനുസരിച്ച്, 22 ശതമാനം മുതൽ 30 ശതമാനം വരെ എഥനോൾ അടങ്ങിയ പെട്രോളിനെ എക്സൈസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കും.

ഇതര ഇന്ധനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന അസംസ്കൃത എണ്ണയെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമുള്ള രാജ്യത്തിന്റെ ശ്രമങ്ങൾക്ക് നികുതി പരമായ പിന്തുണ നൽകിക്കൊണ്ട്, ഉയർന്ന അളവിൽ എഥനോൾ ചേർത്ത പെട്രോളിന്റെ എക്സൈസ് ഡ്യൂട്ടി ഇന്ത്യ ഒഴിവാക്കി. ബുധനാഴ്ച പുറത്തിറക്കിയ സർക്കാർ വിജ്ഞാപനമനുസരിച്ച്, 22 ശതമാനം മുതൽ 30 ശതമാനം വരെ എഥനോൾ അടങ്ങിയ പെട്രോളിനെ എക്സൈസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കും.

ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ എണ്ണ ഇറക്കുമതിക്കാരും ഉപഭോക്താവുമായ ഇന്ത്യ, അതിന്റെ വിപുലമായ ഊർജ്ജ സുരക്ഷാ തന്ത്രത്തിന്റെ ഭാഗമായി ഇന്ധന മിശ്രിതത്തിൽ എഥനോളിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് തുടരുന്ന സാഹചര്യത്തിലാണ് ഈ തീരുമാനം.

വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ നിരക്കുകൾ കുറവാണെന്ന് സർക്കാർ വിശദീകരണം.

ഇന്ധനങ്ങൾ ഉൾപ്പെടെയുള്ള ചില പ്രത്യേക ചരക്കുകൾക്ക് മേൽ സർക്കാർ ചുമത്തുന്ന നികുതിയാണ് എക്സൈസ് ഡ്യൂട്ടി. ഉയർന്ന എഥനോൾ അടങ്ങിയ പെട്രോളിനെ ഈ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിലൂടെ, അത്തരം ഇന്ധന മിശ്രിതങ്ങൾ ഉത്പാദകർക്കും വിതരണക്കാർക്കും സാമ്പത്തികമായി കൂടുതൽ ആകർഷകമാക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ഈ വിജ്ഞാപനം 22 ശതമാനത്തിനും 30 ശതമാനത്തിനും ഇടയിൽ എഥനോൾ അടങ്ങിയിട്ടുള്ള പെട്രോളിന് ബാധകമാണ്.

റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ വിൽക്കുന്ന സാധാരണ പെട്രോളിന് ഉടനടി മാറ്റങ്ങളൊന്നും സർക്കാർ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, ഈ നീക്കം ഉയർന്ന എഥനോൾ ചേർത്ത ഇന്ധനങ്ങളുടെ വികസനത്തെയും വിതരണത്തെയും പ്രോത്സാഹിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇന്ത്യ ഇറക്കുമതി ചെയ്യുന്ന അസംസ്കൃത എണ്ണയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കരിമ്പ്, ധാന്യങ്ങൾ തുടങ്ങിയ കാർഷിക അസംസ്കൃത വസ്തുക്കളിൽ നിന്ന് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന എഥനോളിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത്, ഇറക്കുമതി ചെയ്യുന്ന ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സഹായിക്കുകയും ആഗോള എണ്ണവിലയിലെ വ്യതിയാനങ്ങളിൽ നിന്നുള്ള രാജ്യത്തിന്റെ സുരക്ഷിതത്വം വർദ്ധിപ്പിക്കുകയും ചെയ്യും. എഥനോൾ ബ്ലെൻഡിംഗ് പ്രോഗ്രാം കർഷകർക്ക് ഒരു അധിക വിപണി സൃഷ്ടിക്കുകയും ഊർജ്ജ സുരക്ഷ മെച്ചപ്പെടുത്തുക എന്ന സർക്കാരിന്റെ വലിയ ലക്ഷ്യത്തെ പിന്തുണയ്ക്കുകയും ചെയ്തിട്ടുണ്ട്.

എണ്ണ ഇറക്കുമതിച്ചെലവ് കുറയ്ക്കുന്നതിനും വൃത്തിയുള്ള ഇന്ധനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ ഒരു ദശകത്തിനിടയിൽ പെട്രോളിലെ എഥനോൾ മിശ്രിതം ഇന്ത്യ അതിവേഗം വർദ്ധിപ്പിച്ചിട്ടുണ്ട്. ഒടുവിലുണ്ടായ ഈ നികുതി ഇളവ്, പെട്രോളിൽ കൂടുതൽ അളവിൽ എഥനോൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നു എന്നതിന്റെ സൂചനയാണ്.

വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകതയും ഇറക്കുമതി ചെയ്യുന്ന എണ്ണയെ ആശ്രയിക്കുന്നത് കുറയ്ക്കേണ്ടതിന്റെ ആവശ്യകതയും തമ്മിൽ സന്തുലിതാവസ്ഥ നിലനിർത്താൻ രാജ്യം ശ്രമിക്കുന്ന സമയത്ത്, ഇതര ഇന്ധനങ്ങളിൽ സർക്കാർ തുടർച്ചയായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

ഉപഭോക്താക്കൾക്ക് ഇതിന്റെ ഉടനടിയുള്ള സ്വാധീനം പരിമിതമായിരിക്കാം. എങ്കിലും, ഗതാഗത ഇന്ധന മിശ്രിതത്തിൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന എഥനോളിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ ദീർഘകാല പദ്ധതിയിലെ മറ്റൊരു ചുവടുവെപ്പാണ് ഈ നീക്കം.

# കൊച്ചി മെട്രോ രണ്ടാംഘട്ടം; 2027 ജൂണിൽ പൂർത്തിയാകും, ഓഗസ്റ്റിൽ സർവീസ് തുടങ്ങും



**കൊച്ചി:** കൊച്ചി മെട്രോയുടെ രണ്ടാംഘട്ട പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങൾ കൂടുതൽ വേഗമാർന്ന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണെന്നും 2027 ജൂണോടെ പാതയുടെ നിർമാണം പൂർത്തിയാക്കുകയും തുടർന്ന്, കമ്മിഷനിങ് നടപടികൾ പൂർത്തിയാക്കി 2027 ഓഗസ്റ്റോടെ സർവീസ് ആരംഭിക്കുകയുമാണ് ലക്ഷ്യമെന്നും കെ.എം.ആർ.എൽ. അറിയിച്ചു.

പ്രതിദിനം 25 മുതൽ 30 മീറ്റർ വരെ പാത നിർമാണം പൂർത്തിയാക്കുന്നുണ്ടെന്നും കെ.എം.ആർ.എൽ. അറിയിച്ചു. മഴക്കാലം കഴിഞ്ഞ് കാലാവസ്ഥ അനുകൂലമാകുന്നതോടെ ഇത് 55 മീറ്ററായി വർധിപ്പിച്ച് നിർമാണവേഗം ഗണ്യമായി വർധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കുറഞ്ഞ കാലയളവിനുള്ളിൽ രണ്ടാംഘട്ട പദ്ധതിയുടെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. സ്റ്റേഷനുകളുമായി ബന്ധപ്പെട്ട പൈലിങ്, പൈൽ ക്യാപ് നിർമാണം ഉൾപ്പെടെയുള്ള എല്ലാ ഫൗണ്ടേഷൻ ജോലികളും പൂർത്തിയായി. പാതയ്ക്കായുള്ള പൈലിങ് ജോലികളുടെ ഏകദേശം 85 ശതമാനവും പൂർത്തീകരിച്ചു. കൂടാതെ യുഗർഡറുകളും ഐഗർഡറുകളും ഉൾപ്പെടുന്ന ഏകദേശം 3.5 കിലോമീറ്റർ സൂപ്പർ സ്ട്രക്ചർ സ്ഥാപിച്ച് ട്രാക്ക് തയ്യാറാക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

പാതയുടെ അലൈൻമെന്റിൽ നിരവധി നിർണായക യൂട്ടിലിറ്റികൾ സ്ഥിതിചെയ്തിരുന്നതിനാൽ വിവിധ ഏജൻസികളുമായി വിശദമായ ഏകോപനവും പ്രത്യേക എൻജിനിയറിങ് പരിഹാരങ്ങളും ആവശ്യമായിവന്നു.

പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വിദേശ ധനസഹായത്തിന് അനുമതികൾ ലഭിക്കാൻ ഏകദേശം ഒന്നരവർഷത്തോളം വൈകിയത് പ്രവർത്തനത്തെ ബാധിച്ചിരുന്നു. എന്നിരുന്നാലും, അനുമതികൾ ലഭിക്കുന്നതുവരെ പദ്ധതി തയ്യാറെടുപ്പുകൾ, ഡിസൈൻ പ്രവർത്തനങ്ങൾ, ഏകോപന നടപടികൾ എന്നിവ കെ.എം.ആർ.എൽ. തുടർച്ചയായി മുന്നോട്ടുകൊണ്ടുപോയിരുന്നു.

പൈപ്പ് ലൈൻ ജങ്ഷൻ മുതൽ പടമുകൾ വരെയുള്ള സിവിൽ ലൈൻ ഭാഗത്ത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പൈപ്പ് ലൈനിന്റെ സാന്നിധ്യം നിർമാണപ്രവർത്തനങ്ങൾക്ക് വലിയ വെല്ലുവിളിയായിരുന്നു. ബന്ധപ്പെട്ട ഏജൻസി 2026 ജനുവരി 1ന് പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചതിനുശേഷമാണ് ഈ ഭാഗത്തെ പൈലിങ്, തൂൺ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചത്.

യൂട്ടിലിറ്റി പരിശോധനകൾക്കിടെ കേരള വാട്ടർ അതോറിറ്റിയുടെ നിരവധി പൈപ്പുകൾ ഫൗണ്ടേഷൻ ഭാഗങ്ങളുമായി ബന്ധപ്പെടുന്നതായി കണ്ടെത്തിയിരുന്നു. ഇതുമൂലം ഡിസൈൻ പരിഷ്കാരങ്ങളും വിപുലമായ ഏകോപന നടപടികളും ആവശ്യമായിവന്നു. നിലവിൽ ഈ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ പാലാരിവട്ടം വരെയുള്ള ഭാഗത്തും നിരവധി വെല്ലുവിളികൾ നേരിടേണ്ടിവന്നു. നിർമാണത്തിന് ആവശ്യമായ ഭൂമി 2024 ഡിസംബറിലാണ് കെ.എം.ആർ.എല്ലിന് കൈമാറിയത്. അവസാനഭാഗം ലഭിച്ചതാകട്ടെ, മാർച്ച് 2026ലും. ചില സ്ഥലങ്ങളിൽ കോടതിക്കേസുകൾ തുടരുകയും ചെയ്തു. കൂടാതെ വിവിധ വലുപ്പത്തിലുള്ള കേരള വാട്ടർ അതോറിറ്റി പൈപ്പുകളും 220 കെ.വി., 11 കെ.വി. വൈദ്യുതി ലൈനുകൾ ഉൾപ്പെടെയുള്ള കെ.എസ്.ഇ.ബി. സംവിധാനങ്ങളും മാറ്റിസ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാൽ പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടിവന്നു. ഈ ഭാഗത്തെ പൈലിങ് ജോലികൾ നിലവിൽ പുരോഗമിക്കുകയാണ്.




# ഓക്സിജനിൽ ഷവോമി 17 ടി ഫോണിന്റെ കേരള ലോഞ്ച് നടത്തി

**കോട്ടയം:** ഓക്സിജൻ ദി ഡിജിറ്റൽ എക്സ്പേർട്ടിൽ ഷവോമി 17 ടി ഫോണിന്റെ കേരള ലോഞ്ച് നടത്തി. ഓക്സിജന്റെ ആഭിമുഖ്യത്തിൽ കുമരകം ബാക്ക് വാട്ടർ റിപ്പിൾസ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ചാണ്ടി ഉമ്മൻ എംഎൽഎ ഫോൺ ലോഞ്ച് ചെയ്തു. ചാണ്ടി ഉമ്മനും നടി മാനസ രാധാകൃഷ്ണനനും ചേർന്ന് ആദ്യവില്പന നടത്തി.

ഓക്സിജൻ സിഇഒ ഷിജോ കെ.തോമസ്, ഓക്സിജൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡൻറ് ജിബിൻ കെ. തോമസ്, ഓക്സിജൻ പർച്ചേസ് ആൻഡ് ഓപ്പറേഷൻ വൈസ് പ്രസിഡൻറ് പ്രവീൺ പ്രകാശ്, ഷവോമി മൊബൈൽ കേരള സെയിൽസ് ഹെഡ് എച്ച്. അഭിലാഷ്, ഷവോമി ഡിസ്ട്രിബ്യൂട്ടർ ആൻഡ് എം കണക്ട് മാനേജിംഗ് ഡയറക്ടർ ജുബിൻ ജോർജ്, ഓക്സിജൻ മൊബൈൽ ഹെഡ് സി.ആർ. ഗീവർഗീസ്, ഓക്സിജൻ റീജണൽ ബിസിനസ് ഹെഡ് ഷാജഹാൻ സിറാജുദീൻ, ഓക്സിജൻ മാർക്കറ്റിംഗ് ഹെഡ് കെ. അമൽദേവ്, ഷവോമി കേരള ക്ലസ്റ്റർ മാനേജർ രഞ്ചിൽ മാത്യു, ഷവോമി കേരള ഇസഡ്. ആർ.എം. ഷാൻ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

കഴിഞ്ഞ എട്ടിനു ബാങ്കോക്കിൽ നടന്ന ഷവോമി മൊബൈലിന്റെ വാർഷിക പ്ലാറ്റിനം പാർട്ണേഴ്സ് മീറ്റിൽ സൗത്ത് ഇന്ത്യൻ ചാമ്പ്യൻ പുരസ്കാരം ഓക്സിജൻ ഗ്രൂപ്പിന് ലഭിച്ചിരുന്നു. ഗോള കാമറ ബ്രാൻഡായ ലൈക്കയുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത അത്യാധുനിക ഇമേജിംഗ് സാങ്കേതികവിദ്യയും മികച്ച ഡിസ്പ്ലേയും മികച്ച ബാറ്ററി ലൈഫുമാണ് ഷവോമി 17 ടിയിലൂടെ ഉപയോക്താക്കൾക്ക് കമ്പനി സമ്മാനിക്കുന്നത്.

ഷവോമി വിഷൻ കെയർ എന്ന അത്യാധുനിക ഐകെയർ സിസ്റ്റവും ഫോണിലുണ്ട്. ഇത് ചുറ്റുപാടുകൾക്ക് അനുസൃതമായി ബ്ലൂ ലൈറ്റ്, ഫ്ളിക്കർ എന്നിവ നിയന്ത്രിക്കും. 6500 എംഎഎച്ച് ശേഷിയുള്ള വലിയ സിലിക്കൺ കാർബൺ ബാറ്ററിയാണ് ഷവോമി 17ടിയിൽ ക്രമീകരിച്ചിരിക്കുന്നത്. വേഗത്തിലുള്ള ചാർജിംഗ് സാധ്യമാക്കുന്നതിനായി 67 വാട്ട് ഹൈപ്പർ ചാർജ് പിന്തുണയുമുണ്ട്. വയലറ്റ്, നീല, കറുപ്പ് എന്നീ മൂന്ന് നിറങ്ങളിൽ ഫോൺ ലഭ്യമാണ്.

# സ്വർണവില കനത്ത തകർച്ചയിൽ; പവൻവില ഒരുലക്ഷം രൂപയ്ക്ക് അടുത്തേക്ക്

**കൊച്ചി:** സ്വർണവില ഇന്നലെയും വലിയ തകർച്ചയിൽ. ഇന്നലെ രണ്ടുതവണയായി 4000 രൂപയ്ക്കടുത്ത് ഇടിവ് നേരിട്ട പവൻവില ഇന്നലെ രാവിലെ 1560 രൂപ താഴ്ന്ന് 1,06,800 രൂപയിലെത്തി. ഇതോടെ ബുധനും വ്യാഴവുമായി പവന് 5520 രൂപ കുറഞ്ഞു. ഇതാണ് ട്രെൻഡ് എങ്കിൽ വരുംദിവസങ്ങളിൽ തന്നെ പവൻവില ഒരുലക്ഷം രൂപയ്ക്ക് താഴെയെത്താം.

ഗ്രാമിന് ഇന്നലെ 195 രൂപ കുറഞ്ഞ് 13,350 രൂപയായി. ഈ വർഷം ജനുവരി 29ന് രേഖപ്പെടുത്തിയ 1,31,160 രൂപയാണ് പവന്റെ എക്കാലത്തെയും റെക്കോർഡ് വില. ഗ്രാമിന് അന്ന് 16,395 രൂപയായിരുന്നു. പിന്നീടാണ് പശ്ചിമേഷ്യ യുദ്ധകലുഷിതമായതും എണ്ണവില വർധിച്ചതും പണപ്പെരുപ്പപ്പേടി ഉയർന്നതും. ഇതോടെ ഡോളർ ശക്തമാവുകയും സ്വർണം തളരുകയുമായിരുന്നു.

ഇതിനിടെ, മാർച്ച് 23ന് ഒരുവേള പവൻവില 99,480 രൂപയിലേക്ക് താഴ്ന്നിരുന്നെങ്കിലും അന്നുതന്നെ വൈകിട്ട് 1,05,080 രൂപയിലേക്ക് കുതിച്ചുകയറുകയും ചെയ്തു. നിലവിൽ, രാജ്യാന്തര വില നേരിടുന്ന കനത്ത തകർച്ചയാണ് കേരളത്തിലെ വിലയെയും സ്വാധീനിക്കുന്നത്. ഔൺസിന് 200 ഡോളറിലധികം ഇടിഞ്ഞ് ഒരുവേള രാജ്യാന്തരവില ഇന്ന് 6മാസത്തെ താഴ്ചയായ 4025 ഡോളറിലെത്തി. ഇപ്പോൾ 4080ലേക്ക് നില അൽപം മെച്ചപ്പെടുത്തി. അല്ലായിരുന്നെങ്കിൽ ഇന്ന്



കേരളത്തിൽ വില പവന് 2000 രൂപയിലധികം ഇന്ന് ഇടിയേണ്ടതായിരുന്നു.

പശ്ചിമേഷ്യയിൽ ഇറാനും യുഎസും തമ്മിലെ സംഘർഷം കൂടുതൽ കലുഷിതമായതും ഹോർമുസ് കടലിടുക്കിലെ പ്രതിസന്ധി കനത്തതും ക്രൂഡോയിൽ വിലയെ മുന്നോട്ട് നയിക്കുകയാണ്. ഇതിനുപുറമേ, അമേരിക്കയിലെ പണപ്പെരുപ്പം കഴിഞ്ഞമാസം 3 വർഷത്തെ ഉയരത്തിലെത്തിയെന്ന റിപ്പോർട്ടും സ്വർണവില തകർച്ചയുടെ ആക്കംകൂട്ടി. ഇതോടെ, ഡോളർ സൂചികയും ബോണ്ട് യീൽഡും കരുത്താർജ്ജിച്ചതും സ്വർണത്തിന് തിരിച്ചടിയായി.

പണപ്പെരുപ്പത്തെ പിടിച്ചുകെട്ടാൻ യുഎസ് കേന്ദ്രബാങ്ക് ഫെഡറൽ റിസർവ് വൈകാതെ അടിസ്ഥാന പലിശനിരക്ക് കൂട്ടിയേക്കും. അങ്ങനെയെങ്കിൽ യുഎസ് സർക്കാരിന്റെ കടപ്പത്ര ആദായനിരക്ക് (ബോണ്ട് യീൽഡ്), ബാങ്ക് നിക്ഷേപ പലിശനിരക്ക് എന്നിവയും ഉയരും. ഇവയിലെ നിക്ഷേപത്തിൽ നിന്ന് മികച്ച നേട്ടം കിട്ടുന്നസ്ഥിതിയാകും. നിക്ഷേപം വർധിക്കുന്നത് ഡോളറിനെ കൂടുതൽ ശക്തമാക്കും. ഇത് ആഭരണം, നിക്ഷേപം എന്നീ നിലകളിൽ സ്വർണത്തിന്റെ ഡിമാൻഡിനെ ബാധിക്കുമെന്നതും വിലയിടിവിന് വഴിവയ്ക്കുന്നു.

രാജ്യാന്തരവില രണ്ടുമാസത്തിനകം 3500 ഡോളറിലേക്കുവരെ വീണേക്കാമെന്ന വിലയിരുത്തലുകൾ ഉയർന്നിട്ടുണ്ട്. അങ്ങനെയെങ്കിൽ, കേരളത്തിൽ പവൻവില 90,000 രൂപയ്ക്ക് താഴെയെത്താം. കേരളത്തിൽ ഇന്ന് ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷന്റെ (എകെജിഎസ്എംഎ) നിർണയപ്രകാരം 18 കാരറ്റ് സ്വർണവില ഗ്രാമിന് 160 രൂപ കുറഞ്ഞ് 11,030 രൂപയായി. വെള്ളി വിലയിൽ മാറ്റമില്ല; ഗ്രാമിന് 250 രൂപ.

കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (കെജിഎസ്എംഎ) 155 രൂപ കുറച്ച് 10,975 രൂപയാണ് 18 കാരറ്റിന് ഈടാക്കുന്നത്. വെള്ളിക്ക് ഗ്രാമിന് 10 രൂപ വർധിച്ച് 260 രൂപയായി. ഗ്രാമിന് 125 രൂപ കുറഞ്ഞ് 8545 രൂപയാണ് 14 കാരറ്റ് സ്വർണവില. വിപണിയിൽ പുതുതരംഗമായി മാറുന്ന 9 കാരറ്റ് സ്വർണത്തിന് വില ഗ്രാമിന് 5510 രൂപ; ഇന്നലെ 80 രൂപ കുറഞ്ഞു.

# 51 രൂപയുടെ പ്ലാനുമായി ബിഎസ്എൻഎൽ

**കൊച്ചി:** പുതിയ കണക്ഷൻ എടുക്കുന്നവർക്കായി ബിഎസ്എൻഎൽ 51 രൂപയുടെ പ്രൊമോഷനൽ ഫസ്റ്റ് റീചാർജ് കൂപ്പൺ പ്ലാൻ അവതരിപ്പിച്ചു. പരിധിയില്ലാത്ത ലോക്കൽ, എസ്ടിഡി കോളുകൾ, ദിവസവും 2ജിബി ഡേറ്റ, ദിവസേന 100 എസ്എംഎസ് എന്നിവ ലഭിക്കും. ബിഎസ്എൻഎലിലേക്ക് മാറുന്ന പുതിയ ഉപഭോക്താക്കൾക്ക് സിം കാർഡ് സൗജന്യമായിരിക്കും. 28 ദിവസമാണ് വാലിഡിറ്റി. ഈ മാസം 30 വരെ പ്ലാൻ ലഭ്യമാണ്.

### *51 രൂപ പ്ലാനിലെ ആനുകൂല്യങ്ങൾ*

അൺലിമിറ്റഡ് കോളുകൾ: പരിധിയില്ലാത്ത ലോക്കൽ, എസ്ടിഡി കോളുകൾ ലഭിക്കും.

ഡേറ്റാ ആനുകൂല്യം: പ്രതിദിനം 2 ജിബി ഉയർന്ന വേഗതയുള്ള ഡേറ്റ.

എസ്എംഎസ്: ദിവസേന 100 എസ്എംഎസുകൾ സൗജന്യമായി അയക്കാം.

വാലിഡിറ്റി: 28 ദിവസം കാലാവധി

സൗജന്യ സിം കാർഡ്: ബിഎസ്എൻഎലിലേക്ക് പോർട്ട് ചെയ്യുന്ന (മാറുന്ന) പുതിയ ഉപഭോക്താക്കൾക്ക് സിം കാർഡ് തികച്ചും സൗജന്യമായിരിക്കും.

പുതിയ കണക്ഷനായി ബിഎസ്എൻഎൽ കസ്റ്റമർ കെയർ സെന്ററുകളിൽ പോയി വരി നിൽക്കേണ്ടതില്ല. ഉപഭോക്താക്കൾക്ക് വീട്ടിലിരുന്ന് തന്നെ താഴെ പറയുന്ന ലളിതമായ ഘട്ടങ്ങളിലൂടെ സിം ബുക്ക് ചെയ്യാവുന്നതാണ്:

ബിഎസ്എൻഎല്ലിന്റെ ഔദ്യോഗിക സെൽഫ് കെവൈസി (Self-KYC) ലിങ്ക് സന്ദർശിക്കുക.

വിവരങ്ങൾ വെരിഫൈ ചെയ്യുക: നിങ്ങളുടെ ആൾട്ടർനേറ്റ് (Alternate) മൊബൈൽ നമ്പറും തിരിച്ചറിയൽ രേഖയും നൽകി വെരിഫിക്കേഷൻ പൂർത്തിയാക്കുക.

ഫോട്ടോയും വിഡിയോയും: നിങ്ങളുടെ ലൈവ് ഫോട്ടോയും ചെറിയൊരു വീഡിയോ ക്ലിപ്പും പ്ലാറ്റ്ഫോമിൽ ക്യാപ്ചർ ചെയ്ത് അപ്ലോഡ് ചെയ്യുക.

ബുക്കിങ് പൂർത്തിയാക്കുക: വിവരങ്ങളെല്ലാം കൃത്യമാണെന്ന് ഉറപ്പുവരുത്തിയ ശേഷം സബ്മിറ്റ് ബട്ടൺ അമർത്തി ബുക്കിങ് പൂർത്തിയാക്കാം.

## ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് എന്നിവയിലെ ഫീച്ചറുകൾ വേഗത്തിലാക്കാൻ സഹായിക്കുന്ന ഡേറ്റ സെൻറർ റിലയൻസ് 2028ൽ പൂർത്തിയാക്കും

**അഹമ്മദാബാദ്:** മെറ്റ എന്ന മാതൃകമ്പനിയുടെ ഉടമസ്ഥതയിലുള്ള ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് തുടങ്ങിയിലെ അക ഫീച്ചറുകൾ വേഗത്തിലാക്കാൻ സഹായിക്കുന്ന ഗുജറാത്തിലെ ജാംനഗറിൽ ഉയരുന്ന ഡേറ്റ സെൻറർ റിലയൻസ് 2028ൽ പൂർത്തിയാക്കും. ഒരു ആഗോള വൻകിട കമ്പനിക്ക് വേണ്ടി അവരുടെ ആവശ്യാനുസരണം ഇന്ത്യയിൽ നിർമ്മിക്കുന്ന ആദ്യത്തെ ഡാറ്റാ സെൻററാണിത്.

168 മെഗാവാട്ട് ആണ് ഈ ഡേറ്റാ സെൻററിന്റെ ശേഷി. പദ്ധതിയുടെ രൂപരേഖ ഇങ്ങിനെയാണ്. റിലയൻസ് ഈ ഡാറ്റാ സെൻറർ നിർമ്മിച്ച് നൽകുകയും അതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യും. മെറ്റാ ഈ സൗകര്യം റിലയൻസിൽ നിന്ന് ലീസിന് (വാടകയ്ക്ക്) എടുത്ത് ഉപയോഗിക്കും.

ഈ ഡേറ്റാ സെൻറർ പൂർണ്ണമായും പുനരുപയോഗ ഊർജ്ജമായ സൗരോർജ്ജം, കാറ്റ് എന്നിവ ഉപയോഗിച്ചായിരിക്കും പ്രവർത്തിക്കുക. കൂടാതെ, സാധാരണ കുടിവെള്ളത്തിന് പകരം കടൽവെള്ളം ശുദ്ധീകരിച്ച് ആയിരിക്കും ഇതിലെ സെർവറുകൾ തണുപ്പിക്കുക.

# നോട്ട് ക്ഷാമം: എടിഎമ്മിൽ പണം കുറയുന്നു

**മുംബൈ:** രാജ്യത്തുടനീളമുള്ള എടിഎം കൗണ്ടറുകളുടെ പ്രവർത്തനം വ്യാപകമായി തടസപ്പെടുമെന്ന് ആശങ്ക. എടിഎമ്മുകളിൽ നിറയ്ക്കാൻ ആവശ്യത്തിന് കറൻസി നോട്ട് കിട്ടാത്തതാണ് കാരണം. സാധാരണക്കാരായ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പ്രതിസന്ധിയാണിതെന്ന് എടിഎം ഓപ്പറേറ്റർമാരുടെ കൂട്ടായ്മ ചൂണ്ടിക്കാട്ടുന്നു. റിസർവ് ബാങ്കും ഇന്ത്യൻ ബാങ്ക് അസോസിയേഷനും അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമെന്നാണ് കോൺഫെഡറേഷൻ ഓഫ് എടിഎം ഇൻഡസ്ട്രി നൽകുന്ന മുന്നറിയിപ്പ്.

റിസർവ് ബാങ്കിന്റെ പരിഷ്കരിച്ച കാർഡ് മാനെജ്മെൻറ് നിർദേശങ്ങൾ പ്രകാരം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രാജ്യത്തെ എടിഎമ്മുകളിൽ പണം നിറയ്ക്കാൻ ശരാശരി 94,000 കോടി രൂപ വീതമാണ് ആവശ്യമായി വന്നിരുന്നത്. എന്നാൽ, ഇതിന് ആനുപാതികമായ കറൻസി നോട്ടുകൾ ബാങ്കുകളിൽ നിന്ന് ഓപ്പറേറ്റർമാർക്ക് ലഭിച്ചില്ല. മാർച്ചിൽ 61,000 കോടി രൂപയും, ഏപ്രിലിൽ 54,000 കോടി രൂപയും മാത്രമാണ് ലഭ്യമായത്.